# Wings



Little Kites Magazine 2018-19

*MIHSS for Girls Puduponnani*



Chief Editor : C V NOUFAL

Staff Editors : MARIYA P

SIRAJUDHEEN

Students Editors: MURSHIDA

FARHANA

Editorial Board : SAFANA M Z

NAILA

AFNA

NIHALA

SHIFANA

RISWANA

പൊങ്ങട്ടങ്ങനെ പട്ടം.....പട്ടം

ഉയരത്തുയരത്തിൽ

തെളിയട്ടങ്ങനെ മനതാരിൽ

പുതു പുതു സ്വപ്നങ്ങൾ:

സ്വപ്നങ്ങൾ ചേർത്തു പിടിച്ചൊരു ഊയലായിടാം

മുത്തുകളല്ലുക്കുകൾ ഒക്കെ ചാർത്തി ആടിപാടിടാം......

ആടാനും, പാടാനും കൂട്ടിനുണ്ടല്ലോ

S I T C ജോ സാറും നഫസി ടീച്ചറും.

സ്വപ്നങ്ങൾക്ക് നിറം പകരാൻ

നമ്മുടെ ലിറ്റിൽകൈറ്റ് മാസ്റ്ററാം സിറാജുദ്ധീൻ സാറും.

സ്വപ്നങ്ങൾക്കൊരു പൂങ്കുയിലാകാൻ മറിയ ടീച്ചറും

സ്നേഹത്താൽ വഴികാട്ടിടുന്ന ശോജ ടീച്ചറും

ഒത്തു പിടിച്ചീ പട്ടം പൊങ്ങട്ടെ

ഒത്തു പിടിച്ചീ പട്ടം പൊങ്ങട്ടെ

ആനിമേഷന്റെ, ഗ്രാഫികസ്സിന്റെ തെളിനീരുകൾ മോന്തട്ടെ.

പുതിയൊരു റോബോട്ടെത്തട്ടെ പുതുലോകം കണ്ടെത്തട്ടെ

ഒത്തു പിടിച്ചീ പട്ടം പൊങ്ങട്ടെ.

അങ്ങനെയങ്ങനെ.... പുതിയൊരു തലമുറ.... കണ്ണു തുറക്കട്ടെ......

ഒത്തു പിടിച്ചീ പട്ടം പൊങ്ങട്ടെ.....

മാഗസിൻ സമിതി

# **Our Manager**



**Panakkad syed Hyder Ali Shihab Thangal**

# ഉള്ളടക്കം


നൗഫൽ മാസ്റ്റർ (സന്ദേശം) ....................................................... 4

യഹിയ മാസ്റ്റർ (സന്ദേശം) ........................................................... 5

കവിത (ഉമ്മർ മാസ്റ്റർ)..................................................................... 6

അഭിമുഖം (പൊന്നാനി-വിദ്യാഭ്യാസ ചരിത്രാന്വേഷണം)...................... 7-8

ലേഖനം (എല്ലാം ദൈവത്തിനു വേണ്ടി)............................................... .9-10

കവിത (മീനു ടീച്ചർ)..................................................................... 11

കഥ (കണ്ണീർമഴ)........................................................................... 12-13

കവിത (മീനു ടീച്ചർ)...................................................................... 14

യാത്രാ വിവരണം (തിരകളോടൊപ്പം തിമിർത്താടിയ നിമിഷങ്ങൾ)......... 15-16

കവിത (യാത്രയിൽ)........................................................................ 17

കവിത (മലയാളത്തിളക്കം)................................................................ 18

കഥ (മഴയുടെ വിശ്വരൂപം).................................................................. 19

കഥ (സോമേട്ടന്റെ പറമ്പ്)................................................................ 20-21

യാത്രാ വിവരണം (ഡൽഹി നഗരങ്ങളിലൂടെ)....................................... 23

കവിത ( ട്ട)....................................................................................... 25

കഥ (സ്നേഹത്തിന്റെ വലിയ പാഠങ്ങൾ)............................................ 27-28

ഇംഗ്ലീഷ് ലേഖനം (ADVANCEMENT IN TECHNOLOGY GOOD ORBAD ?)..................... 30.

കവിത (കറുത്ത കാലത്തെ പക്ഷികൾ).................................................. 31

കഥ (നിലവിളി)................................................................................. 32-36

ഫലിതങ്ങൾ....................................................................................... 38

അനുഭവം......................................................................................... 39-40

യാത്രാ വിവരണം (ആ മനോഹരമായ യാത്രയിൽ......)............................. 41-43

കഥ ( പ്രകൃതിയുടെ പ്രതികാരമായ പ്രളയം)......................................... 45-46

അഷറഫ് മാസ്റ്റർ (ലേഖനം) ................................................. . 47



C V NOUFAL


അറിവിന് മതിലുകളില്ല ലിറ്റിൽ കൈറ്റിലെ  ഓരോ കുട്ടിയും അറിവിന്റെ വാതായനങ്ങൾ മലർക്കെ തുറക്കുകയാണ് .പൊങ്ങി പറക്കട്ടെ: പറന്ന് പറന്ന് ചിറകുകൾക്ക് ശക്തി വരുമ്പോൾ .... അവർ അറിവിന്റെ അക്ഷയ  ഖനികളായ് തീരട്ടെ.... ഈ മാഗസസിൻ അതിനുള്ള വെളിച്ചമാകട്ടെ........................

സ്നേഹത്തോടെ

നിങ്ങളുടെ

ഹെഡ്മാസ്റ്റർ

സി.വി നൗഫൽ മാസ്റ്റർ



**Yahiya K P**

അറിവിനെയും വിജ്ഞാനത്തേയും സൃഷ്ടിച്ചെടുക്കുന്ന പഠനത്തിന്റെ അപരനാമം വിദ്യാർത്ഥിയെന്നാണ്. വിവരത്തെ കണ്ടെത്തുന്ന പഠനം അവസാനിക്കാത്തതിനാൽ വിദ്യാർത്ഥിയെന്ന വിശേഷണത്തിന് കാലപരിധിയല്ല. മനുഷ്യനിലെ വിദ്യാർത്ഥി ഏറ്റവും തീക്ഷണമായി നിൽകുന്നത്  വിദ്യഭ്യാസ കാലത്താണ്. പഠനം എന്നതുമാത്രം അജണ്ടയായുള്ള കാലമാണിത്. ഏതൊരു മനുഷ്യനേയും രൂപപ്പെടുത്തുന്ന നിർണ്ണായക ഘട്ടം. അറിവ് നൽകുന്ന സൗന്ദര്യം മനുഷ്യനിലുണ്ടാക്കുന്ന ഘടനാപരമായ മികവ് ആസ്വാദ്യമാണ്. ഏതൊന്നിനേക്കാൾ ആകർഷകമാണത്. വൈജ്ഞാനിക സമൂഹങ്ങൾക്കു മാത്രമാണ് കാലത്തെ അതിജയിക്കാനായിട്ടുള്ളത്. സമ്പത്തും അധികാരവും അടിയറവ് പറഞ്ഞിട്ടുള്ളത് വിജ്ഞാനത്തിനു മുന്നിലാണ്. വിദ്യാർത്ഥികളെന്നത് കാലം തേടുന്ന അനിവാര്യതയാണ്. അതിരുകളില്ലാത്ത പഠനകാലത്തിന്റെ ഇഷ്ടമാണ്. വിദ്യാത്ഥിയെ സമ്പൂർണമാക്കുന്ന പഠനങ്ങളോരോന്നും ചുറ്റുപാടുകൾക്ക് നൽകുന്നത് കരുത്തുറ്റ ഊർജ്ജമാണ്. കാലവും ചുറ്റുപാടുകളും ആവശ്യപ്പെടുന്ന വിദ്യാർത്ഥികളാകുകയെന്നതാണ് നിങ്ങൾക്കു മുന്നിലെ കർത്തവ്യം. അതിന് ഓരോരുത്തർക്കും ആകേണ്ടതുണ്ട്.



UMMER C

# प्यार

प्यार बनाता है मनुष्य को पशु कभी ,

प्यार बनाता है पशु को मनुष्य कभी ।

व्यार मिलन कराता है मनुष्य को कभी '

व्यार अलग कराता है, मनुष्य को कभी

त्यार२ुलाता है मनुष्य को कभी

प्यार हँसाता है  मनुष्य को कभी

प्यार नहीं तो चैन नहीं

प्यार मिले तो बेचैन नहीं ।

प्यार सच है , अमर है , प्यार ही ईशवर है ।

# പൊന്നാനി-വിദ്യാഭ്യാസ ചരിത്രാന്വേഷണം



Shira Asir

**-ചരിത്രകാരൻ അബ്ദുറഹ്മാൻ സാറോടൊത്ത് ഒരു അഭിമുഖം:-**



സാംസ്കാരിക വൈവിദ്യങ്ങളുടേയും മതപാരമ്പര്യത്തിന്റെയും ചരിത്രത്തിന്റെ ഉറവിടമാണ് 'പൊന്നാനി'. ഏതൊരു ചരിത്രം അന്വേഷിച്ചാലും അതിന്റെ വേര് പൊന്നാനിയിൽ തന്നെയായിരിക്കും. പൊന്നാനിയുടെ മതപാരമ്പര്യം പറയാൻ വയ്യത്തക്ക വിധം അപാരം തന്നെയാണ്. വിദ്യാഭ്യാസ മഹിമ പൊന്നാനിയുടെ ഒരു ഒരു അലങ്കാരമാണ്. ഒപ്പനക്കുട്ടികളുടെ കൈകൊട്ടും വിളക്കത്തിരിക്കൽ ആചാരവുമൊക്കെ പൊന്നാനിയെ അഭിമാനം കൊള്ളിക്കുന്നു.

പൊന്നാനിയുടെ ചരിത്രകാരൻ എന്നറിയപ്പെടുന്ന ആളാണ് ടി.വി അബ്ദുറഹ്മാൻകുട്ടി. പൊന്നാനിയുടെ ചരിത്രം കണ്ടെത്തുന്നതിന് കുട്ടികൾക്കും മുതിന്നവർക്കും ഒരുപോലെ സഹായകമായ ഒരുപാട് പുസ്തകങ്ങൾ ഇദ്ദേഹം രചിച്ചിട്ടുണ്ട്.

***പൊന്നാനിയുടെ പഴയകാലം എങ്ങനെയുള്ളതായിരുന്നു?**

A:പഴയകാല പൊന്നാനി അറിയപ്പെട്ടിരുന്നത് 'വിളക്കത്തിരിക്കൽ'എന്ന പഠനരീതിയാലാണ്. പണ്ട് കാലത്ത് പൊന്നാനിയിൽ പെൺകുട്ടികൾക്ക് വലിയ വിലയുണ്ടായിരുന്നില്ല. പഠനത്തിനായാലും മറ്റ് കാര്യങ്ങൾക്കായാലും പുരുഷന്മാരായിരുന്നു കൂടുതൽ. പൊന്നാനിയിലെ വലിയപള്ളി ചരിത്രത്തേ ഓർമിപ്പിക്കുന്നതാണ്.

***'വിളക്കത്തിരിക്കൽ ' എന്നത് എന്താണ്?**

A:വിദേശികൾക്ക് പൊന്നാനി അറിയപ്പെടാനുള്ള ഒരു വലിയ കാരണമാണ് 'വിളത്തിരിക്കൽ 'എന്ന പഠനരീതി. പൊന്നാനിയിലെ വലിയ ജുമുഅത്ത് പള്ളിയുടെ മധ്യത്തിൽ നിർമ്മിതമായ ഒരു അലങ്കാരവിളക്കിന്റെ ചുറ്റമിരുന്ന് പഠിക്കുന്ന രീതിയാണ് ഇത്. സൈനുദ്ധീൻ മഖ്ദൂം ആണ് ഈജിപ്തിൽ നിന്നും പകർന്ന ഈ രീതി ആദ്യമായി പൊന്നാനിയിൽ പരീക്ഷിച്ചത്. ഇതിൽ 100-ഓളം വിദേശികൾ പങ്കെടുത്തിരുന്നു.

***പൊന്നാനിയിൽ നിന്ന് വിദ്യപഠിച്ച് ഉന്നതനിലയിൽ എത്തിയ ആളുകളില്ലേ?അവർ ആരെല്ലാമാണ്?**

A:പൊന്നാനിയിൽ നിന്ന് ആദ്യകാലങ്ങളിൽ തന്നെ വിദ്യനേടി ഉന്നതങ്ങളിൽ എത്തിയ പ്രഗൽഭരുണ്ടായിരുന്നു. ഇവയിൽ കവികളും, സാഹിത്യകാരന്മാരും, ചിത്രകാരന്മരും, അധ്യാപകരും,കലക്ടർമാരും തുടങ്ങീ പല മഹാന്മാരും ഉണ്ടായിരുന്നു. ഇവയിൽ പ്രഗൽഭരാണ് താഴെ പറയുന്നവർ:-



- *മുൻസിഫ് അബ്ദുല്ലകുട്ടി
- *പ്രൊ.കെ.വി.അബ്ദുറഹിമാൻ
- *അബ്ദുൽ അസീസ്
- *പി.സി.കൃഷ്ണൻ
- *ആർട്ടിസ്റ്റ് നമ്പൂതിരി

***പൊന്നാനിയിലെ പഴയകാല ഓത്തുപള്ളികളും കുടിപള്ളിക്കൂടവും എങ്ങനെയുള്ളതാണ്?**

A: ഓത്ത് + പള്ളി = ഓത്തുപള്ളി

പണ്ട് കാലങ്ങളിൽ മുസ്ലിംകൾ പഠിച്ചിരുന്നത് ഓത്ത്പള്ളികളിലായിരുന്നു. മൊല്ലാക്കന്മാർ ആയിരുന്നു ഗുരുക്കൾ. ഇവരുടെ ചൂരലാലുള്ള അടി അസഹനീയമാണ്. ഇത് മുസ്ലിംകളുടേതും കുടിപ്പള്ളിക്കൂടങ്ങൾ ഹൈന്ദവരുടേതുമാണ്. പണ്ട് കാലത്ത് ഇംഗ്ലീഷ് നരകഭാഷയായും മലയാളം ഹൈന്ദവഭാഷയായും ആണ് അംഗീകരിച്ചിരുന്നത്. അതിനാൽ അന്ന് മുസ്ലിംകൾക്ക് പഠനസാധ്യത കുറവായിരുന്നു. അങ്ങനെയാണ് കുടിപ്പള്ളിക്കൂടവും ഓത്തുപള്ളികളും മാറി പൊന്നാനിക്കാർക്ക് ഒരുപുതിയ നവോത്ഥാനവുമായി ഉദ്മാൻ മാസ്റ്ററുടെ കടന്നുവരവ്. അതോടെ ഇവ കാണാൻപറ്റാത്ത ഒരു ഓർമ്മയായി മാറി.

# എല്ലാം ദൈവത്തിനു വേണ്ടി...



കെ വി നദീർ

**ലേഖനം:-**മതത്തിനും ദൈവത്തിനും വിശ്വാസത്തിനും വേണ്ടിയാണത്രെ ഈ കാട്ടിക്കൂട്ടുന്ന കോലാഹലങ്ങളെല്ലാം. മതത്തെ കാത്തുകൊള്ളാൻ, ദൈവത്തെ നിലനിറുത്താൻ, വിശ്വാസത്തെ സംരക്ഷിക്കാൻ വേണ്ടിയാണത്രെ തെരുവിലിറങ്ങുന്നത്. തമ്മിലടിച്ചും വെട്ടിക്കീറിയും സർവ്വനാശം വിതച്ചും പ്രീതിപ്പെടുത്തുന്നത് ദൈവത്തേയും മതത്തേയും വിശ്വാസത്തേയുമാണത്രെ. സർവ്വലോകങ്ങളുടേയും സ്രഷ്ടാവും പരിപാലകനുമായ ദൈവത്തിന് തേജസ്സോടെ നിൽക്കാൻ ഇങ്ങിനെയൊക്കെ ചെയ്യേണ്ടതുണ്ടെന്നാണ് ഇക്കൂട്ടർ പറയാതെ പറയുന്നത്.

അനവധിയായ സൃഷ്ടിജാലങ്ങളിൽ ഒന്നുമാത്രമായ മനുഷ്യന്റെ കനിവിൽ ജീവിച്ചു പോകുന്ന ഒന്നാണൊ ദൈവം?. സൃഷ്ടിയും, സ്ഥിതിയും, സംഹാരവും സാധ്യമാക്കാൻ ശേഷിയുള്ള ദൈവത്തിന് സംരക്ഷണം നൽകേണ്ടത് മനുഷ്യനാണൊ. ഏതെങ്കിലുമൊരു ആക്ഷേപത്തിൽ ഒലിച്ചുപോകുന്നതാണൊ മതമെന്ന വിശുദ്ധി.ആചാരങ്ങളുടെ പിൻബലത്തിൽ നിലനിൽക്കേണ്ടതാണൊ വിശ്വാസമെന്ന കരുത്ത്. ദൈവത്തെ അറിയാത്ത, മതത്തെ തിരിച്ചറിയാത്ത, വിശ്വാസത്തെ ഉൾകൊള്ളാത്ത അവിവേകികളുടെ കൈകളിലേക്ക് ഇവ ചുരുങ്ങുന്നുവെന്നതാണ് ലോകത്തിനു മുന്നിലെ അതീവ പ്രതിസന്ധി.

എല്ലാ നെറികേടുകൾ കൊണ്ട് മുന്നിലും മുദ്രാവാക്യമായി ഉയരുന്നത് ദൈവത്തിനു വേണ്ടിയെന്നാണ്.നെറികേടുകൾകൊണ്ട്

സകല മനുഷ്യരേയും ഒരാണിൽ നിന്നും പെണ്ണിൽ നിന്നുമായി സൃഷ്ടിച്ചവന്റെ നാമമാണ് ദൈവം.ഇത് സ്വയം വിശേഷണമായി ദൈവം അവതരിപ്പിക്കുന്നതാണ്. വിത്യസ്ത വിഭാഗങ്ങളാക്കപ്പെട്ടത് പരസ്പരം തിരിച്ചറിയാൻ വേണ്ടിയാണെന്ന് മനുഷ്യരോട് പറയുന്നത് ദൈവമാണ്. ദൈവിക സാമീപ്യത്തിന് ജീവിത വിശുദ്ധിയല്ലാതെ യാതൊരു മാനദണ്ഡവും മുന്നോട്ടുവെക്കുന്നില്ല. മനുഷ്യനെ

ഒന്നായി കാണാനുള്ള പ്ലാറ്റ്ഫോമായി വിശ്വാസത്തെ അവതരിപ്പിക്കുന്നുണ്ട് ദൈവം. സ്രഷ്ടാവും പരിപാലകനുമായ ദൈവത്തെ കുറിച്ചുള്ള വിശ്വാസം മനുഷ്യന് ഐക്യപ്പെടാനുള്ള പോയിന്റായി മാറണമെന്ന് പറയുന്നത് ദൈവമാണ്.

സ്നേഹമെന്ന മൂന്നക്ഷരം കോർത്ത വിവരണാധീതനാണ് ദൈവം.ആ സ്നേഹത്തിന്റെ പ്രത്യുൽപാദനമാണ് വിശ്വാസം. സ്നേഹം ഹൃദയത്തോട് ചേരുമ്പോൾ സാധ്യമാകേണ്ടതാണ് ദൈവവിശ്വാസം. സമ്പൂർണ്ണമായ സ്നേഹത്തിൽ സാധ്യമാക്കപ്പെട്ട ഒന്നിനെയാണ് കലഹത്തിന്റെ വഴിയായി തെരഞ്ഞെടുക്കുന്നത്. മനുഷ്യനും ദൈവവും തമ്മിലുള്ള കൂടിച്ചേരലിനിടയിൽ മതം മതിലായി മാറുന്നുണ്ട്. ജീവിതക്രമം എന്നതിൽ നിന്ന് അതിവൈകാരികതയുടെ വഴിയിലേക്ക് മതത്തെ പറിച്ചുനട്ടതു മുതലാണ് ഈ മാറ്റം. സകലരുടേതുമായ ദൈവത്തെ വെട്ടിമുറിക്കപ്പെട്ടത് തിരിച്ചറിയാതെ പോയ സ്നേഹത്തിൽ നിന്നാണ്. പിശുക്കില്ലാതെ നിർഗളിക്കുന്ന സ്നേഹ മഴയെ കാണാതെ വിശ്വാസത്തിന്റെ പേരിൽ യുദ്ധം പ്രഖ്യാപിക്കുന്നവർ ദൈവത്തെ മറന്നവരാണ്. വിശ്വാസം ഓർമ്മയായി നിൽക്കുകയും ദൈവം മറവിയായി മാറുകയും ചെയ്യുന്ന അവസ്ഥ. ദൈവമില്ലാത്ത വിശ്വാസത്തിൽ സ്നേഹമുണ്ടാകില്ല. കലഹമാണ് സാധ്യമാകുക. അതാണ് ഇന്നിന്റെ ലോകത്ത് സംഭവിക്കുന്നത്.

കാറ്റും മഴയും വായുവും വെളിച്ചവുമെല്ലാം ദൈവിക അനുഗ്രഹങ്ങളായി എണ്ണപ്പെടുന്നവയാണ്. വിശ്വാസത്തിന്റെ പേരിൽ ഇവയൊന്നും പകുത്തു നൽകുന്നില്ല. എല്ലാവർക്കും ഒരു പോലെ നൽകുകയെന്നതാണ് ദൈവിക നീതി. ദൈവത്തിന് മനുഷ്യനോടില്ലാത്ത വിവേചനം മനുഷ്യൻ ദൈവത്തിന്റെ പേരിൽ പ്രകടമാക്കുന്നുവെന്ന വിരോധാഭാസത്തിനൊപ്പമാണ് മാനവകുലമുള്ളത്. ഞാൻ എന്നേക്കാൾ ദൈവത്തെ ഇഷ്ടപ്പെടുന്നുവെന്ന് പറയുന്നവരാണ് വിശ്വാസികൾ. ദൈവം ഇഷ്ടപ്പെടുന്നതിനെയൊക്കെയും നമുക്കിഷ്ടപ്പെടാനാകുന്നുണ്ടോയെ ദൈവത്തിന്റെ പ്രണയത്തെ അറിയാത്തവർക്ക് മനുഷ്യനെ സ്നേഹിക്കാനാകില്ല. സ്വാർത്ഥമായ അസ്ഥിത്വത്തിൽ രൂപപ്പെടുത്തിയ വിശ്വാസ സങ്കൽപ്പത്തിന്റെ ഭാഗമായി ദൈവത്തെ ചുരുക്കി കെട്ടുന്നിടത്ത് സങ്കുചിത ഇടപെടലുകൾ മാത്രമെ ഉണ്ടാകൂ. ദൈവത്തേയും വിശ്വാസത്തേയും ചുരുക്കി കെട്ടുകയെന്നത് സ്വാർത്ഥ രാഷ്ട്രീയത്തിലൂന്നിയ മതത്തിന്റെ താൽപര്യമാണ്. മനുഷ്യർക്കിടയിൽ വേലികൾ തീർക്കുന്ന രാഷ്ട്രീയ മതത്തെ തകർക്കാൻ പ്രണയോന്മാദമായ ഭക്തിയെ കൂടെ കൂട്ടി ദൈവത്തെ അറിയുകയെന്നതാണ് വഴി.

## ദീർഘകാല സേവനത്തിനുശേഷം പടിയിറങ്ങുന്ന ഞങ്ങളുടെ പ്രിയ ഹെഡ്മാസ്റ്റർ ശ്രീ.നൗഫൽ സാറിന്:-

**Meena Teacher**

എം.ഐ തൻ വാടിയിൽ നിന്നും
ഒരു സൂര്യനക്ഷത്രം തിളങ്ങി
വെട്ടിതിളങ്ങി പ്രകാശം...അത്
ചുറ്റോട്ടു ചുറ്റിലും പൊങ്ങി
ആ പ്രഭാപൂരത്തിൽ നമ്മൾ
നേട്ടങ്ങളൊക്കെയും നേടി
ആ പ്രഭാപൂരത്തിൽ നമ്മൾ
എന്നും ആമോദമോടെ പറന്ന..

ഓർക്കണം നമ്മൾ ഈ വാടിയിൽ
വന്നുപോം അഥിതികൾ മാത്രം
നമ്മൾ തൻ സ്മരണകൾ നമ്മൾ തൻ സ്നേഹവം
നമ്മൾ തൻ സഹനവും മാത്രം.

കർമ്മ മണ്ഡലമൊഴിയുന്ന നേരത്തു
നന്മകൾ നേരിടുന്നു.. നക്ഷത്രമായുതിർന്ന-
നമ്മുടെ പ്രിയ ഹെഡ്മാസ്റ്റർ നൗഫൽസാറിനും
കുട്ടികളെ അമ്മയെപോലെ സ്നേഹിച്ച
റംല സഫിയ ഖദീജ ടീച്ചർമാർക്കും
ഇനിയും നിറഞ്ഞിടട്ടീനന്മകൾ
പാരിതിൽ വീശിടട്ടേ..........



**Shifana sherin**
**10. C**

# കണ്ണീർമഴ

നല്ല തണുപ്പ്  പുറത്ത് നല്ല മഴയും ഒന്നു കൂടി പുതപ്പിനുള്ളിലേക്ക് പോകനാണ് മീനുവിനു തോന്നിയത് .പിന്നെയാണ് ഓർമ്മ വന്നത് ഇന്ന് ഞായറാഴ്ച്ചയാണെന്നുള്ള കാര്യം മീനു ധൃതിയിൽ എഴുന്നേറ്റ് ഉമ്മറത്തേക്ക് ഓടി .മഴ കണ്ടപ്പോൾ അവളുടെ മുഖത്തെ  പ്രകാശം പെട്ടെന്ന്  തന്നെ ഇല്ലാതായി.

“ഹെ എന്തൊരു മഴയാ..........ഈ മഴക്ക് ഇന്ന് തന്നെ പെയ്യാൻ കണ്ടൊള്ളു "?മീനു ആരോടെന്നില്ലാതെ പരാതി പറഞ്ഞു.“ഹ, ഹ , ഹ ........അത് നല്ല ചോദ്യം .മഴക്കറിയോ മീനുവേ ഇന്ന് ഞായറാഴ്ച്ചയാണെന്ന്,ഇയ്യ് ന്താ ഈ പറയ്ണത് "? മുത്തശ്ശി മീനുവിനോട് ചോദിച്ചു.ഒന്നും പറയാതെ മീനു മഴത്തേക്ക് നോക്കി നിന്നു അപ്പോഴാണ് തന്റെ പ്രിയ കൂട്ടുകാരി കുറിഞ്ഞി പൂച്ചയെ ഓർമ്മ വന്നത് .കുറിഞ്ഞിയെ  വിളിച്ച് അവൾ അടുക്കളയിലേക്ക് ഓടി കുറിഞ്ഞി അടുപ്പിനടുത്ത് ചൂടുപറ്റി ഇരിക്കുന്നുണ്ട്.'`ഓ.....യ്യ് ഇവ്ടെ ഇരിക്ക്വാ'?

“ആ.....യ്യ്  എണിറ്റോ മീനൂ”? അമ്മ ദോശമാവ് ചട്ടിയിലേക്ക് ഒഴിക്കുന്നതിനിയിൽ ചോദിച്ചു.

“ ആ അമ്മേ ഇന്നെന്താ ദോശയാ " മീനു ചോദിച്ചു .



“ഉം......ദോശയും നല്ല തേങ്ങാ ചട്ട്നിയും ന്താ ഇഷ്ടല്ലേ"?ചെറു പുഞ്ചിരിയോടെ അമ്മ മീനുവിനെ നോക്കി കൊണ്ട് ചോദിച്ചു.“ പിന്നല്ല ഇഷ്ടല്ലാതെ“  മീനു വായിൽ വന്ന വെള്ളം ഒതുക്കി കൊണ്ട് മറുപടി പറഞ്ഞു.

“ എന്ന മീനുക്കുട്ടി പോയി പല്ലുതേക്ക്ട്ടോ. അമ്മ് ചൂടുവെള്ളം കുളിമുറിയിൽ കൊണ്ടുവെയ്ക്കാ.മഴയല്ലേ നല്ല തണുപ്പുണ്ട് .ഇന്ന് ചൂടുവെള്ളത്തിൻ കുളിച്ചാ മതി“ അമ്മ പറഞ്ഞു.“ആ ശരി അമ്മാ “ എന്ന് പറഞ്ഞ്  മീനു പല്ലു തേക്കാനായി  ഓടി.പിന്നാലെ കുറിഞ്ഞിയും.പല്ലു തേപ്പും കുളിയും കഴിഞ്ഞ് മീനു വന്ന് ചായകുടിച്ചു .എന്നിട്ട് കുറിഞ്ഞിയോടൊത്ത് കളിച്ചു.കളിക്കിടക്ക്മീനു ഉമ്മറത്തേക്ക് ഇടക്കിടെ പോയി നോക്കിയിരുന്നു ; മഴ കുറഞ്ഞോന്ന്.

“എന്താരു മഴയാ ത്"?എന്നും പറഞ്ഞ് പിന്നെയും കളിയിൽ മുഴകും.നേരം ഉച്ചയായി അപ്പോയും മഴ നിന്ന് പെയ്യുകയാണ്.അച്ഛനും എത്തി.വന്നപാടെ അവർ നനഞ്ഞ വസ്ത്രങ്ങൾ മാറ്റി വരാന്തയിൽ ഇരിന്നു .അവരെ ചുറ്റിപറ്റി പുറത്തെ കാര്യങ്ങളറിയാൻ മുത്തശ്ശിയും അമ്മയും വന്നു.

“എന്ത അരുണേ പുറത്തെ കാര്യങ്ങൾ “? മുത്തശ്ശി ചോദിച്ചു.
“നല്ല മഴയാ അമ്മേ പലോര്ടേം വിടൊക്കെ വെള്ളത്തിൽ പോയി മീനൂന് ഇനി കുറച്ച് ദിവസത്തേക്ക് സ്ക്കൂൾ ഒന്നുംണ്ടാവില്ല :ഓര്ടെ സ്ക്കുളിലൊക്കെ ക്യാമ്പാണ്"
ക്യാമ്പോ  അതെന്താ അച്ഛാ? മീനുവിന് സംശയം ആയി .“ഓ അത് മോളേ വെള്ളത്തിൽ കുറേ പേര്ടെ വീട് പോയിന്ന് അച്ഛൻ പറഞ്ഞില്ലേ?അവർക്ക് പുതിയ വീട്ണ്ടാവ്ണ വരെ  അവരൊക്കെ താമസിക്കുന്ന സ്ഥലത്തിനെ പറയ്ണ പേരാ ക്യാമ്പ് എന്ന് "
നമ്മടെ രശ്മിടെ വിടൊക്കെ വെള്ളത്തിൽ മുങ്ങി അവരിപ്പോ ക്യാമ്പിലാ മുത്തച്ഛൻ പറഞ്ഞു.

ഊണ് കഴിഞ്ഞു പുറത്ത് അപ്പോയും നല്ല മഴ നേരം ഇരുട്ടി തുടങ്ങി.മഴക്ക് നേരിയ കുറവുണ്ട് രാത്രി കഥ കേൾക്കാൻ വേണ്ടി മീനു മുത്തശ്ശിയുടെ മടിയിൽ കിടന്നു.മുത്തച്ഛൻ  കസേരയിൽ ഇരിക്കുന്നുണ്ടായിരുന്നു.മുത്തശ്ശി പറയുന്നത് മീനു കതോർത്തു  കിടന്നു.അമ്മയെ കുറിച്ചായിരുന്നു പറയുന്നത്.“അല്ല ലക്ഷമിനെ ആശ്ശുപത്രിയിൽ കൊണ്ടോവണ്ട ദിവസം ആയി തുടങ്ങിയലോ.പുറത്തേ കാര്യങ്ങളൊക്കെ കേട്ടിട്ട് “...........
ഓ അതൊക്കെ നടക്കും യ്യ് വെഷമിക്കണ്ട അപ്പൊഴ്ക്കും മഴ ഒക്കെ മാറിക്കോളും മുത്തച്ഛൻ മുത്തശ്ശിയെ ആശ്വാസിപ്പിച്ചു.മീനു  അപ്പോഴോക്കും ഉറക്കത്തിലേക്ക് ആണ്ടു പോയിരുന്നു.മിനു കുട്ടീ...മീനു രാവിലെ മുത്തശ്ശിയുടെ വിളി കെട്ടാണ്  എഴുന്നേറ്റത്.  'താ.. മുത്തശ്ശീ..; ഉറക്കച്ചടവോടെ അവൾ ചോദിച്ചു "ആ മുത്തശ്ശീടെ മോള് എണീച്ചു പോയി കുളിക്ക് മ്മ്ക്ക് അമ്പലത്തിൽ ഒന്ന് പോയിട്ട് വരാ ;മുത്തശ്ശി പറഞ്ഞു . അമ്പലത്തിൽ പോകുന്നത് മീനുവിന് വളരെ ഇഷ്ട്മാണ് . അവൾ വേഗം എഴുന്നേറ്റ് കുളിച്ച് തയ്യാറായി മഴക്ക് ശാമനമുള്ളതിലാണ്



മുത്തശ്ശി അമ്പലത്തിൽ നിന്ന്  തിരിച്ചപ്പോൾ മഴ ഒന്ന്ശക്തിയോട് കൂടി പെയ്തു അത് കാരണം മുത്തശ്ശി അമ്പലത്തിനടുത്തുള്ള കടയിൽ കയറി നിന്നു എന്നിട്ട് കടയിലെ ടി.വിയിലെ വാർത്തയിലേക്ക് നോക്കി .കേരളത്തിലെ ഒട്ടുമിക്ക സ്ഥലങ്ങളും വെള്ളത്തിനടിയിലാവുകയെന്ന വാർത്തയായിരുന്നു വാർത്തയിൽ പക്ഷേ... മീനു മുഴുവൻ ശർദ്ദിച്ചത്. ആ കടയുടെ മുകളിൽ കിടക്കുന്ന  കളിപ്പാട്ടത്തിലേക്കാണ്. തന്റെ വരാൻ പോകുന്ന കുഞ്ഞനിയനോ  അനിയത്തിക്കോ അത് വാങ്ങണം എന്ന ചിന്തയും അവളിൽ ഉടലെടുത്തു.മുത്തശ്ശിയോട് അത് പറയുകയും അവൾക്ക് അത് വാങ്ങി കൊടുക്കുകയും ചെയ്തു.മഴ കുറഞ്ഞപ്പോൾ അവർ തിരിച്ചു. നടന്ന് വീട്ടിലേക്കുള്ള വഴിയിലെത്തി. നിറയെ ആളുകൾ, പോലീസുകാർ, പോലീസ് ജീപ്പുകൾ, ഫയർഫോഴ്സ് നിറയെ പേർ. മീനുവിന്റെ മനസ്സില് ഭയം ആളിക്കത്തി. നടന്നപ്പോള് കണ്ടത് വീടിന്റെ സ്ഥാനത്ത് മണ്ണ് കുന്ന് കൂടി കിടക്കുന്നു. തന്റെ വീട് അപ്രത്യക്ഷമായിരിക്കുന്നു.
മുത്തശ്ശി കരഞ്ഞത് കൊണ്ട് നിലത്തിരുന്നു. മീനു മുത്തശ്ശിയുടെ അടുത്തേക്ക് നിന്നു.
“മുത്തശ്ശീ ന്റെ അമ്മ എവിടെ ?മുത്തച്ഛനോ ?പറയ് മുത്തശ്ശീ ?” മീനു മുത്തശ്ശിയോട് ചോദിച്ചു കുറച്ച് കഴിഞ്ഞപ്പോൾ മീനുവിന്റെ  അച്ഛൻ അവിടെ എത്തി.“അച്ഛ, അമ്മ എവിടെ"? മീനു അരുണിനോട്ചോദിച്ചു .അയാൾ മിനുവിനെ ചേർത്തു നിർത്തി .അൽപ്പം കഴിഞ്ഞ് നാട്ടുകാർ കൂടി അമ്മയുടെ മണ്ണ് പറ്റിയ ശരീരവും പിന്നാലെ മുത്തച്ഛന്റെ ശരീരവും മണ്ണിനടിയിൽ.




MEENA M T

# പൊതു വിദ്യാലയം

**പഠനം ഇനിയൊരു ഉത്സവമായ്**
**അറിവുകൾ മധുരം കിനിയുകയായ്**
**കൊതിയോടെ അലിവോടെ ഊറിവരുന്നത്**
**കണ്ടോ മാളോരെ ഇത് കണ്ടോ മാളോരെ**

**തെയ്തക തെയ്തക ..അ, തെയ്തക തെയ്തക**
**ഒരു പാടിനി അലയണ്ട**
**ഒട്ടുംതന്നെ വലയേണ്ട**
**കോട്ടുവായിട്ടോരു പഠനം ഇനി വേണ്ടേ വേണ്ട**

**തെയ്തക തെയ്തക ..അ, തെയ്തക തെയ്തക**
**വരവായി കൗതുകപ്പെട്ടി തെളിവായി ചിത്രങ്ങൾ**
**മനവവും മതിയും മതിവരുവോളം**
**പറന്നുപാടി തെളിയട്ടേ**
**തുറന്നിടട്ടെ പ്രപഞ്ചവാതിൽ**

**കടന്നിടട്ടെ........ കുരുന്നുകൾ**
**അറിവന്നക്ഷയ ഖനികളിൽ നീന്തി**
**തുടിച്ചു പെങ്ങട്ടെ**

**തെയ്തക തെയ്തക ..അ, തെയ്തക തെയ്തക**
**അഭിമാനത്താലുയർന്നിടട്ടേ പൊതു വിദ്യാലയം**
**അർത്ഥത്തിന്റെ വിടവില്ലാതെ**

**വളർന്നു പൊങ്ങട്ടെ ..പുതിയൊരു**
**തലമുറ വിടരട്ടെ**

അ...തെയ് തക തെയ് തക ..അ, തെയ് തക തെയ് തക



Asfiya Nada
10.D

# തിരകളോടൊപ്പം തിമിർത്താടിയ നിമിഷങ്ങൾ

അതെ ടൂർ തീരുമാനിച്ചു. നവംബർ 11ാം തിയതി. കുറേ വർഷങ്ങൾക്ക ശേഷമുള്ള ആ ആനന്ദകരമായ ദിവസം സ്വപ്നം കണ്ടുറങ്ങുന്ന ദിവസങ്ങളുടെ ദൈർഘ്യം ഏറെയാണ്. ടൂറിന് മുൻപ് കുറേ സങ്കൽപങ്ങൾ ഉണ്ടായിരുന്നു മനസ്സിൽ. ഹൈസ്കൂളിലെ എന്റെ ആദ്യത്തെ ടൂറാണ് . ഏറെ കൊതിച്ച ആ ദിവസം ഇതാ അടുത്തു വരുന്നു. സ്റ്റേ ടൂർ ആവുമെന്നാ കരുതിയത്. പക്ഷേ പ്രളയം വന്ന വർഷം ആയതുകൊണ്ട് ടൂർ ഒരു ദിവസം മാത്രമേ ഉണ്ടായിരിക്കുകയുള്ളൂ എന്ന് HM ഓർമിപ്പിച്ചിരുന്നു. ടൂറിന് മുമ്പ് അബ്ദുള്ള സാർ പറഞ്ഞ ആ കാര്യം ഞാനിപ്പോഴും ഓർമിക്കുന്നു. ടൂർ എത്ര ദിവസം എന്നുള്ളതൊന്നുമല്ല കാര്യം നമ്മുടെ ഫ്രൻസുമായി എൻജോയ് ചെയ്യുന്ന ആ സമയം എത്ര സന്തോഷകരമാണ് എന്ന്. അത് എല്ലാവർക്കും ഉള്ളിൽ തട്ടി. അങ്ങനെ ടൂറിന്റെ ദിവസം അടുത്തുവന്നു. ടീച്ചേഴ്സിന്റെ നിർദ്ദേശങ്ങളും. ദിവസങ്ങൾ കടന്നുപോയി നാളെയാണ് ടൂർ. ഫ്രൻസുമൊത്തുള്ള ആ മനോഹരമായ കാര്യങ്ങളായിരുന്നു അന്നത്തെ പിരിയിഡിലുള്ള ചിന്ത മുഴുവൻ. അഹങ്കാരത്തോടെ എല്ലാവരോടും പറഞ്ഞു നാളെ ടൂറാണ്. അത്രയ്ക്ക് ഹാപ്പി ആയിരുന്നു.അന്ന് ഫ്രൻസുമായി കുറേ കാര്യങ്ങൾ ഒക്കെ തീരുമാനിച്ചു. പിന്നെ സ്കൂൾ വിട്ട് വീട്ടിൽ പോയപ്പോഴും നാളെത്തെ ദിവസത്തെ കുറിച്ചുള്ള ചിന്തകളായിരുന്നു. പക്വെ ആ സന്തോഷത്തിലും വല്ലാതെ വിഷമിപ്പിച്ചത് മറ്റുള്ള കുറച്ച് ഫ്രന്റ്സ് ഒന്നും ടൂറിന് വരുന്നില്ല. ചിലർ മാത്രമേയുള്ളൂ. എങ്കിലും കുറച്ചു പേരെങ്കിലും ഉണ്ടല്ലോ എന്നതാ ആശ്വാസം. പിന്നെ ഇക്കാക്കാടെ കൂടെ കടയിൽ പോയി നാളത്തെ ടൂറിന് വേണ്ട ബേക്കറി ഒക്കെ വങ്ങിച്ചു. വീട്ടിൽ വന്നപ്പൊ ഉണ്ണികളെ ഒക്കെ ഒരുപാട് കൊതിപ്പിച്ചു. അന്ന് രാത്രി ഉറക്കം വന്നതേയില്ല. കണ്ണടച്ചാൽ ടൂറിനെ കുറിച്ചുള്ള ചിന്തകൾ മാത്രം. അങ്ങനെ അറിയാതെ ഉറങ്ങിപ്പോയി. പിറ്റേന്ന് രാവിലെ 4:40 ന് എണീറ്റു. കുളിച്ചു റെഡിയായി. ചായയൊക്കെ കുടിച്ചു. സ്കൂളിലെത്തിയാൽ മതി എന്ന ചിന്തയായിരുന്നു. അങ്ങനെ ബാഗും സാധനങ്ങളും ഒക്കെ റെഡിയാക്കി. ഫോണും എടുത്തു ഇക്കാടെ കൂടെ പറപ്പിച്ച് സ്കൂളിൽ വന്നു. സ്കൂളിൽ നേരത്തെ തന്നെ എത്തി. ഷാലു എത്തിയിരുന്നു.മറ്റുളവരൊക്കെ പിന്നെ പിന്നെ എത്തി കുറച്ച് സെൽഫി എടുത്തു. സാർമാരും, ടീച്ചേഴ്സും, കുട്ടികളേയും, ബസ്സും ഒക്കെ നോക്കുന്ന തിരക്കിലാണ്.അങ്ങനെ അവസാനം എല്ലാവരും കൂടി ബസ്സിൽ കയറി.ഞങ്ങൾ മൂന്നാം ബസ്സിൽ ആയിരുന്നു കയറിയ പാടേ വിൻഡോ സീറ്റിനടുത്ത് സ്ഥാനം പിടിച്ചു. മറ്റു ബസ്സിലെ ഫ്രണ്ട്സിനൊക്കെ റ്റാറ്റ കൊടുത്തു.ബസ്സിൽ ആകെ ബഹളം ബസ്സെടുത്തതും നീണ്ട ഒരു ആർപ്പം വിളിയും ആയിരുന്നു എല്ലാവരും പിന്നെ അവിടെ ഇരിക്കാൻ തോന്നയില്ല .ഡാൻസ് കളിക്കാൻ ഇറങ്ങി മൈക്കിൽ അടിപൊളി പാട്ട് പാടി . കുറച്ച് കഴിഞ്ഞു ചായ കുടിക്കാൻ ഇറങ്ങി. ഞങ്ങളുടെ ബസ്സിലെ ഫൗസി ടീച്ചറും സൈനുദ്ദീൻ സാറും നിഷ ടീച്ചറുമായിരുന്നു .ചായ കുടിക്കൻ ഇറങ്ങി




എല്ലാവരും സെൽഫി എടുത്തു. ചായ കുടിച്ച് പിന്നെ ബസ്സിൽ വന്നിരുന്നു പിന്നെയും ഡാൻസും പാട്ടും. വയ്യാതെ കുറച്ച് ഇരുന്നു. പിന്നെയും കളിച്ചു വയ്യാണ്ടായി അങ്ങനെ ക്രാഫ്റ്റ് വില്ലേജ് എത്തി അവിടത്തെ പ്രകൃതി ഭംഗി വളരേ മനോഹരമായിരുന്നു. പാറകളും, ചെടികളും ഒക്കെയുള്ള അടിപൊളി സ്ഥലം കോഴികോട്ടെക്കാണ്  ടൂർ. അങ്ങനെ അവിടെ നിന്ന്  ചോക്കോബാർ കഴിച്ചു. ഒരുപാട് കാഴ്ചകളൊക്കെ കണ്ടു . മൺകലം ഉണ്ടാക്കുന്നതും ഒക്കെ കണ്ടു. പിന്നെ ബസിൽ കയറി എല്ലാവരും അവിടെ നിന്നും അടുത്ത സ്ഥലമായ പ്ലാനിറ്റോറിയത്തിലേക്ക് പോയി. എത്തിയ പാടെ കുറേ കാര്യങ്ങൾ കണ്ടു. കുട്ടികളുടെ പാർക്കുണ്ട് അവിടെ അങ്ങനെ ഭക്ഷണം കഴിക്കാൻ വന്നു. കുറേ കാത്ത് നിന്ന് ....വലിയ വരിയായിരുന്നു. അവസാനം കിട്ടി. ചിക്കൻ ബിരിയാണി ആയിരുന്നു. അടിപൊളി ബിരിയാണി അവിടെ നിന്ന്  തന്നെ എല്ലാവരും കഴിച്ചു.പിന്നെ പ്ലാനറ്റോറിയം കാണാൻ വന്നു. ത്രിഡി ഷോയും, ആകാശ കാഴ്ച്ചയും ഒരു പുതിയ അനുഭവമായിരുന്നു. അങ്ങനെ സലാം സാറ് പറഞ്ഞു ഒരു സർപ്രൈസ് ഉണ്ടെന്ന് .ഞങ്ങളെ പുറത്തേക്ക് കൊണ്ടുവന്നു നോക്കുമ്പോൾ സാറിന്റെ ഭാര്യയും മക്കളും വന്നിട്ടുണ്ടായിരുന്നു ചെറിയ മോൾ നല്ല ക്യൂട്ട് ആയിരുന്നു ഒരുപാട് സെൽഫി എടുത്തു. പിന്നെ അവിടെ നിന്ന് പുറത്തേക്ക് വന്നു. ബസ്സിൽ എല്ലാവരും വന്ന ശേഷം ബീച്ചിൽ പോകാനുള്ള തയ്യാറെടുപ്പായിരുന്നു. ബീച്ചിൽ എത്തുന്നതിന് മുമ്പ് ഡ്രസ്സൊക്കെ ശരിയാക്കി ശേഷം

ബീച്ചിൽ എത്തി. എത്തിയപാടെ എല്ലാവരും ഓടിയത് കടലിലേക്കായിരുന്നു .കടലിൽ കുറേ കളിച്ചു .നൗഫൽ സാറിനോടും ടീച്ചേഴ്സിനോടും ഫ്രണ്ട്സിനോടും കൂടെ ഒരുപാട് സെൽഫി എടുത്തു .മുട്ടോളം വെള്ളത്തിൽ ഇറങ്ങി . വെള്ളത്തിൽ ആവോളം കളിച്ചു .സൂര്യന്റെ അസ്തമയം കണ്ടു .പിന്നെ എല്ലാവരും ചായകുടിക്കാൻ വന്നു .പരിപ്പുവടയും പഴം പൊരിയും ചായയും ഒക്കെ കുടിച്ചു .നേരം ഇരുട്ടി തുടങ്ങിയിരുന്നു .ബസിൽ കയറിയപ്പോൾ സൈനുദ്ദീൻ സാർ എല്ലാവർക്കും ഐസ്ക്രീം തന്നു .എല്ലാവരും അത് കഴിച്ചു.പിന്നെ ബസ്സിളകി .അർപ്പും വിളിയും കൊണ്ട് ബീച്ചൊന്ന് ഉണർന്നപോലെ തോന്നി .പിന്നെ ഞങ്ങളുടെ ആവശ്യ പ്രകാരം കോഴിക്കോടൻ ഹൽവയും മിഠായികളും ഒക്കെ ഉള്ള കടയിൽ കയറി. എല്ലാവരും ഹല്വവയും,ചോകോബാറും ഒക്കെ വാങ്ങിച്ചു




.പിന്നെ ബസിൽ കയറി .രാത്രി പുറത്തേ കാഴ്ചകളൊക്കെ ആസ്വദിച്ചു .ഡാൻസും കളിച്ചു .സമയം വേഗം പോയത് പോലെ തോന്നി .അങ്ങനെ ഫ്രണ്ട്സും ഞാനും ഒക്കെ കൊണ്ടു വന്ന പലഹാരങ്ങളൊക്കെ കഴിച്ചു .കുറച്ചു ഉറങ്ങി .പിന്നെ എല്ലാവരുടെയും സ്ഥലം എത്തി . ചിലരൊക്കെ വീട്ടുകാരുടെ ഒപ്പം പോയി .ബസ് സ്കൂളിലേക്ക് വന്നു .എന്നെ വിളിക്കാൻ ഇക്കാക്ക കാത്തുനിൽപുണ്ടായിരുന്നു .സ്ക്കുളെത്തിയപ്പോൾ എല്ലാവരും ആർത്തു വിളിച്ചു .ലൈസർ ഇട്ട് കളിച്ചു .പിന്നെ ഇക്കാന്റെ കൂടെ വീട്ടിലേക്ക് പോയി .ടൂർ കഴിഞ്ഞപ്പോൾ എല്ലാവർക്കും നല്ല സങ്കടമായിരുന്നു. എങ്കിലും ടൂറിനെ കുറിച്ചാലോചിക്കുമ്പോൾ ഒരു വലിയ സന്തോഷമാണ്. ആ ഓർമകൾക്ക് ഒരു വല്ലാത്ത സുഖമാണ് .ഈ വിനോദയാത്ര ഞാൻ ഒരിക്കലും മറക്കില്ല .



RAFA SAIN
8E

# യാത്രയിൽ

യാത്രയിൽ കാണാം ,സുന്ദര കാഴ്ച്ചകൾ
മരങ്ങളും ചെടികളും പൂക്കളും പക്ഷികളും
നേരേ , നേരേ പാഞ്ഞിടും വണ്ടികൾ,...
ഇടതെരുവിൽ  കടകളും  വീടുകളും
എന്തൊരു രസമുള്ള കാഴ്ചയാണിത്
കൺകുളിരേകുന്ന കാറ്റുവീശിടും............
മനം നിറയ്ക്കുന്ന ആശ്വാസമെത്തീടും
പാറുന്ന കാറ്റിൽ ആടിയാടാം..............

ആടുന്ന പൂക്കളുമായി ആടിരസിക്കാം
നിറമാർന്ന പൂക്കളേ.....നമുക്ക്കൂത്താടാം
ഉള്ളം നിറക്കുന്ന സുഗന്ധമെത്തുന്നേ....
എന്തൊരു ഭംഗിയുള്ള ലോകമാണിത്

ഞാൻ യാത്രയിൽ കാണുന്ന സ്വപ്നലോകം,
പലതരത്തിലുള്ള ജനതകളെ കണ്ടിടാം
അവരുമായി ഓതിപാടിടാം  ........
ഇരുളിൽ മറഞ്ഞുപോയി എന്റെ-ഈ  യാത്ര,..

# <u>മലയാളത്തിളക്കം</u>



BINDHU K

**ഉണരൂ ഉണരൂ പൂത്തുമ്പികളെ**

**അക്ഷരതേൻ നുകരുവാൻ ദുഃഖിക്കണ്ടേ**

**എഴുതുവാൻ പറയുമ്പോൾ ശങ്കിക്കേണ്ട**

**എഴുത്തും വായനയും നിഷ്പ്രയാസം**

**നേടിതരുന്നൊരു ചെപ്പടി വിദ്യ**

**നമുക്കുനേടാം കുതിച്ചുയരാം**

**കരുത്തരാകാൻ കൂടെപ്പോരൂ**

**നമുക്കിനി ഒന്നായി മുന്നേറാം**

**മലയളത്തിളക്കത്തിൻ മുറ്റത്തേയക്ക്**

**അറിവിൻ വെട്ടമായ് മുന്നിലെത്തും**

**മലയാളത്തിളക്കം പകർന്നെടുക്കാം**

**നമുക്കുനേടാം....................**



FARHANA P
8 E

# മഴയുടെ വിശ്വരൂപം

പ്രളയത്തിന്റെ ഓർമകളിൽ അനുഭവിച്ചറിഞ്ഞ കേരളത്തിനെ തച്ചുടച്ച നഷ്ട്ങ്ങൾ വരുത്തിവച്ച പ്രളയത്തിന്റെ നാളുകൾ ! ഒരിക്കലും മറക്കാൻ പറ്റാത്ത രാത്രികളും! പകലുകളും മഴ അതിന്റെ വിശ്വരൂപം കാണിച്ച് തകർന്നാടിയപ്പോൾ കേരളത്തിലെ മാത്രമല്ല വിദേശത്തുള്ളവർ പോലുംകേരളത്തിൻ്റ അവസ്ഥയോർത്ത് വ്യാകുലതപ്പെടുത്തുമ്പോൾ പ്രാർത്ഥനയിൽ കഴിഞ്ഞു കൂടിയ കേരളത്തിലെ ഒരു സമൂഹം. ഡാമുകളിൽ ശേഖരിച്ച വെള്ളം അതിരുകവിഞ്ഞപ്പോൾ ,ഡാമുകൾക്ക് താങ്ങാൻ കഴിയാതെ വന്നപ്പോൾ, പത്രങ്ങളുടെയുംചാനലുകളെയും  വാർത്തകൾ ഞെട്ടിപ്പിക്കുന്നതായിരുന്നു. ഓരോ പ്രദേശത്തേക്കും വെള്ളം പാഞ്ഞടുക്കുമ്പോൾ പേടിച്ചരണ്ട് ജനങ്ങൾ മഴയെ പഴിച്ചു കൊണ്ടിരുന്നു. മഴയെ സ്നേഹിച്ചിരുന്ന ഞാനും ഒരു നിമിഷത്തേക്ക് ഈ മഴയൊന്ന് മാറിയെങ്കിൽ എന്ന് ആഗ്രഹിച്ചു പോയി .ഇത് നമ്മൾ കേരളീയരുടെ ജീവിതത്തിൽ എന്നേക്കും മറക്കാൻ കഴിയാത്ത ഒരു അനുഭവമാണ്...

# സോമേട്ടന്റെ പറമ്പ്




**Nida Rahma**
**9.C**


മഴ പെയ്യുമ്പോഴൊക്കെ ആനിമോൾ സോമേട്ടന്റെ പറമ്പുനോക്കി തേങ്ങി കരയാറുണ്ട്. അവളുടെ അമ്മ മരിച്ചത്. ഇങ്ങനെയുള്ള ഒരു മഴക്കാലത്തായിരുന്നു. മഴയെന്നു പറഞ്ഞാൽ തീരാത്ത-തോരാത്ത പെരും മഴ. അന്ന് ഇടി വെട്ടുമ്പാൾ അമ്മ തറയിൽ വെള്ളപുതച്ചു കിടപ്പാണ്,ഇടിയും മിന്നലും വന്നപ്പോൾ നാട്ടിലെ എല്ലാ വൈദ്യുതി ബന്ധങ്ങളും വിച്ഛേദിക്കപ്പെട്ടു. അരണ്ട വെളിച്ചത്തിൽ അമ്മ അമ്പിളി മാമനെ പോലെ എന്നെ നോക്കി മന്ദഹസിക്കുന്നുണ്ടായിരുന്നു. അതുകൊണ്ടാണ് അമ്മ പോയിട്ടില്ലാന്ന് ആനിമോൾ വിശ്വസിച്ചത്. ഭൂമിയിൽ ചന്ദ്രനെ കാണുന്ന കാലത്തോളം അമ്മയേയും കാണാം. ആനിമോളുടെ അച്ഛന് ബോധം വന്നത് ശവസംസ്കാരത്തിനു ശേഷമാണ്. ആനിമോൾ,ഉഷടീച്ചറുടെ ആറാം ക്ളസിൽ പഠിക്കുമ്പോഴാണ് അമ്മ പോയത്. കൂട്ടുകാർ പാടവരമ്പത്തുകൂടി ആളനക്കമില്ലാതെ ജാഥയായി വന്നതും ആനിമോൾ നോക്കിയതുമെല്ലാം ഓർമയുണ്ട്. ഉഷടീച്ചറുടെ കൈതണ്ടയിൽ രണ്ടു കണ്ണുനീർ തുള്ളികൾ ചൂടൊടെ വീണത്..... കൂട്ടുകാരികൾ കൈപിടിച്ചത് .... ആനിമോൾ അന്നത്തെ രാത്രി അവസാനിക്കല്ലേയെന്ന് പ്രാർത്ഥിച്ചിരുന്നു.

കലണ്ടറിലെ ആഗസ്റ്റ് എട്ടിനാണ് അമ്മയെ കാലനെടുത്തുകൊണ്ടു പോയത്. ആനിമോൾ പത്താം ക്ലാസു കഴിഞ്ഞു. മരിക്കാൻ ചുരുങ്ങിയത് മപ്പത് വയസ്സെങ്കിലുമാകണമെന്ന് അവൾ മുമ്പൊക്കെ വിചാരിച്ചിരുന്നത്. കാലനെടുത്തു കൊണ്ടുപോകുമ്പോൾ തടഞ്ഞുവെക്കാൻ ഒരു ദേവിക്കും കഴിയൂല്ലെന്ന് അവളെ അമ്മ പഠിപ്പിച്ചിട്ടുണ്ട്. അമ്മയില്ലാത്ത നാലോണവും വിഷുവും കഴിഞ്ഞു. അച്ഛനാണെങ്കിൽ പണ്ടത്തെ കളിചിരിയില്ല.

അമ്മ മരിച്ചതിന്ന ശേഷം അവരാരും സോമേട്ടന്റെ പറമ്പിൽ പോയിട്ടില്ല. സോമേട്ടന്റെ കുടുംബക്ഷേത്രത്തിൽ വഴിപാടും നേർന്നിട്ടില്ല.സോമേട്ടനും കുടുബവും അവിടെഒറ്റപ്പെട്ടുകയാണുണ്ടായത് .കുട്ടികൾ പറമ്പിൽ നെല്ലിക്ക  പെറുക്കാറില്ല. കോളാമ്പിപൂക്കൾ നിരന്നും പരന്നും കിടപ്പാണ്. പൂക്കളാർക്കും വേണ്ട.സോമേട്ടൻ വരുന്നതും പോകുന്നതും എല്ലാവരും പേടിയോടെ നോക്കിയിരുന്നു. സോമേട്ടൻ പിന്നീട് ഒറ്റപ്പെടുന്നതാണ് നാട്ടുകാർ കണ്ടത്.സോമേട്ടൻ വീടും പറമ്പും വില്ക്കാൻ കൊണ്ടുപിടിച്ച ശ്രമം നടത്തിയെങ്കിലും ആരും വാങ്ങാൻ തയ്യാറായില്ല.എത്ര വിലക്കുറച്ചാലും സോമന്റെ തെങ്ങും പറമ്പും ആർക്കും വേണ്ട.

ആനിമോൾക്കുംആനാട്ടിലുള്ള എല്ലാവർക്കുമറിയാം,സോമേട്ടന്റെ പറമ്പുദോഷം. ആനിമോളുടെ അമ്മ സോമേട്ടന്റെ വീട്ടമ്പലത്തിലെ നിവേദ്യം വാങ്ങിയിറങ്ങി അല്പം.....ഏകദേശം ഒരു പത്തിരുപത് കാച്ചടി വെച്ചപ്പോഴാണ് ചീറി നിലവിളിച്ചത്.ആ നിലവിളി  ശബ്ദം ആലിമാപ്പിള കേട്ടിട്ടുണ്ട്.പള്ളീലെ മഗ്‌രിബ് നിസ്കാരവും കഴിഞ്ഞ് ചന്ദനത്തിരിയും കൈയ്യിൽ കത്തിച്ചുവരുമ്പോഴാണ് കേട്ടത്. ഓടി ചെന്നപ്പോൾ ആനിമോളുടെ അമ്മ നിലത്തുവീണുകിടക്കുന്നു . കാലിന്റെ പെരുവിരലിൽ നിന്ന് ചോര വാർന്നൊലിക്കുന്നു.ചുറ്റും പരതിയപ്പോൾ ഉഗ്രവിഷമുള്ള അണലി രണ്ടടി വിട്ടുകിടക്കുന്നു.അന്നു  തുടങ്ങിയതാ അവിടെത്തെ അസ്ഥിരമായ മഴയും മഴപെയ്യിറങ്ങുമ്പോളുള്ള ആനിമോളുടെ തേങ്ങികരച്ചിലും.







Fiza
8.E

# ഡൽഹി നഗരങ്ങളിലൂടെ

ഇന്ത്യയുടെ തലസ്ഥാനമായ ഡൽഹിയിലേക്കായിരുന്നു എന്റെ യാത്ര. മനുഷ്യന്റെ പ്രവൃത്തിമൂലം മലിനമായി തീർന്ന വായുവും കറുത്ത് പുകമൂടിയ മേഘങ്ങളും മാലിന്യങ്ങളാൽ തിങ്ങിനിറഞ്ഞ ഓരോ മുക്കുകളും എന്നെ അസ്വസ്ഥയാക്കി. എങ്കിലും എനിക്ക് എന്റെ ജീവിതത്തിൽ മറക്കുവാൻ സാധ്യമല്ലാത്ത ഒന്നുതന്നെയായിരുന്നു ആ യാത്രാനുഭവം.

രാത്രിയായിരുന്നു ട്രെയിൻ സമയം അതുകൊണ്ടു തന്നെ ഞാൻ ഏറെ സന്തുഷ്ടയായിരുന്നു. ട്രെയിനിലെ രാത്രികിടപ്പും, കുടുംബത്തോടൊപ്പമുള്ള സമയവും എന്തെന്നറിയില്ല എനിക്ക് ഓരോ നിമിഷവും ഏറെ വിലമതിക്കുന്നതായിരുന്നു. ട്രെയിനിലെ മൂന്നുനിലകിടക്ക അതെന്നിൽ ഏറെ കൗതുകമുണ്ടാക്കി. ട്രെയിനിന്റെ ചൂളം വിളിയും ഭൂമികുലുക്കി പായലും,ഇതുവരെ ഇല്ലാത്തൊരനുഭവമായിരുന്നു എന്റെ ചെവികൾക്ക്. ഡിസംബർ മാസത്തിലെ തണുപ്പും,ചാറ്റൽ മഴയും എന്നെ എന്നപോലെ എന്റെ ഹൃദയത്തെയും ഏറെ തണുപ്പിച്ചെട്ടു. എല്ലാവരെയും അറിയിച്ച് കൊണ്ടുള്ള ടീ.ടീ.ആർന്റെ വരവും ആ നോട്ടവും എനിക്ക് ആദ്യാനുഭവമായിരുന്നു. ഉറങ്ങാതിരിക്കാൻ ആഗ്രഹിച്ച എന്റെ കണ്ണുകൾ എന്തോമായാജാലം പോലെ തളർന്നുറങ്ങി പോയി.പിന്നീട് രാവിലെ ട്രെയിൻ കംപാർട്ട്മെന്റിലൂടെ ചായ,കാപ്പി എന്നുള്ള ആരവം കേട്ടാണ് ഞാൻ ഉണർന്നെഴുന്നേറ്റത്. പിന്നീട് ട്രെനിലെ ആനന്ദകരമായ
ഞങ്ങളുടെ വിനോദങ്ങൾ എന്നെ ഏറെ ഉത്സാഹഭരിതയാക്കി .ഇത് രണ്ട് ദിവസം നീണ്ടു നിന്നു .

ഡൽഹി സ്റ്റേഷനിൽ എത്തിയപ്പോൾ ചൂട് ചായ ഏറെ ഉൻമേഷം നൽകി . പിന്നീട് ഡൽഹിയിലെ ഒരോ നഗരങ്ങളും ഇടത് വശത്തെ ഫുട്ട് പാത്തിലൂടെ ഞങ്ങൾ നടന്നു നീങ്ങി .അധികം കഴിയാതെ അന്നു തന്നെ ലോകത്ഭുതങ്ങളിൽ ഒന്നായ താജ്മഹൽ ഞാൻ കണ്ടു നിന്നു .എല്ലാവരും എന്നെപ്പോലെ ആ പ്രണയസ്മാരകത്തിന് മുൻപിൽ അൽപം നേരം സതംഭിതരായി നിന്നു .ജന്തർമന്തറും, മനുഷ്യന്റെ കടന്നു കയറ്റം കൊണ്ട് മലിനമായി കൊണ്ടിരിക്കുന്ന യമുനാ നദിയും ഇന്ത്യാ ഗൈറ്റും ഡൽഹിയിലെ എന്റെ ഓരോ കാഴ്ചകളായിരുന്നു. അവിടത്തെ നാല് ദിവസത്തെ യാത്ര കഴഞ്ഞ് ഞങ്ങൾ വണ്ടും ട്രെയ്നിൽ തന്നെ വീട്ടിലേക്ക് യാത്ര തിരിച്ചു എനിക്ക് ഒരിക്കലും മറക്കാൻവയ്യാത്ത അനുഭവം തന്നെയായിരുന്നു അത്..


NIHALA.T
VIII:E

# ട



**കുട്ടി പെണ്ണിൻ പെട്ടിയിലുള്ളൊരു**

**പൊട്ടും കുപ്പിതുട്ടുകളിട്ടിട്ടൊരു**

**കൊട്ടാരം കെട്ടിപൊക്കീ..............**

**കുട്ടികൊമ്പനു നെറ്റിപ്പട്ടം**


**കെട്ടി കൊടുക്കെ.....പൊട്ടിപോയ**

**നെറ്റിപ്പട്ടവും.......കുട്ടിപ്പെണ്ണിൻ**

**പൊട്ടിച്ചിരികളും.....................**

കൈറ്റ് മിസ്ട്രസ്

**മറിയു ടീച്ചർ.....**




## 76-ന്റെ മാജിക്ക്

76-ൽ അവസാനിക്കുന്ന
രണ്ട് സംഖ്യകളുടെ
ഗുണന ഫലവും 76-ൽ
തന്നെ അവസാനിക്കും
ഉദാ:
376*576=216576

# സ്നേഹത്തിന്റെ വലിയ പാഠങ്ങൾ

**Farhana K**
**8.c**

ആഗസ്റ്റ് മാസത്തിലെ വെള്ളപ്പൊക്കം കൂട്ടുകാരുടെ മനസ്സിൽ നിന്നും മാഞ്ഞിട്ടില്ലല്ലോ. അതിന്റെ ഭീകരതയും ദുരിതങ്ങളും അനുഭവിച്ചവരാണല്ലോ നമ്മളിൽ പലരും. ആ നഷ്ടവും പ്രയാസവുമെല്ലാം അതിജയിച്ചു കൊണ്ടിരിക്കുകയാണ് ഇന്ന് നമ്മുടെ നാട്. ഇത്ര വേഗം നമുക്ക് ആ പ്രളയത്തിൽ നിന്നും കര കയറാൻ സാധിച്ചതെങ്ങനെയെന്ന കൂട്ടുക്കാർ മനസ്സിലാക്കിയിട്ടുണ്ടോ? എന്നെന്നും നമ്മുടെ മനസ്സിൽ സൂക്ഷിക്കേണ്ടതാണ് ആ അനുഭവങ്ങളും അന്ന കാണിച്ച സ്നേഹനത്തിന്റെയും സഹാനുഭൂതിയുടേയും ചിത്രങ്ങളും.

അന്ന വാർത്തകളിൽ നിറഞ്ഞുനിന്ന ഒരു യുവാവിനെ നിങ്ങൾക്കറിയാമോ? ജയ്സൽ! വീടുകളൊക്കെ വെള്ളത്തിലാണ്ട്  റോഡുകൾ തോടുകളും പുഴകളുമായി മാറിയപ്പോൾ ജനങ്ങളെ രക്ഷപ്പെടുത്താൻ അവിടെ ബോട്ടിറക്കേണ്ടി വന്നു. മുട്ടറ്റം വെള്ളത്തിൽ നിന്ന തോണിയിലേക്ക കയറാൻ കഴിയാതെ സ്ത്രീകളും വൃദ്ധന്മാരുമൊക്കെ കരയുന്നത് കണ്ടപ്പോൾ ആ യുവാവിന്റെ മനസ്സലിഞ്ഞു. തോണിയിലേക്ക കയറാൻ ഒരു സ്റ്റെപ്പുണ്ടാക്കുകയെന്നത് അപ്പോൾ സാധിക്കുന്നതല്ലല്ലോ. അയാൾ  ഉടനെ ആവെള്ളത്തിൽ മുട്ടുകുത്തി കൈകൾ നിലത്തൂന്നി കമഴ്ന്ന നിന്ന് തന്റെ ശരീരം ഒരു സ്റ്റെപ്പാക്കിമാറ്റി. സ്ത്രീകളും കുട്ടികളും വൃദ്ധരുമൊക്കെ ആ മനുഷ്യസ്റ്റെപ്പിലൂടെ കയറി ബോട്ടിലെത്തി. ആരോ ആ കാഴ്ച്ച വീഡിയോയിലാക്കി വാട്സപ്പിലിട്ടു. അങ്ങനെയാണ് ആസംഭവം ജനങ്ങളറിഞ്ഞത്. ജനങ്ങളെ രക്ഷിക്കാൻ സ്വന്തം ശരീരം പോലും ഇങ്ങനെ കുനിച്ചു കൊടുക്കാൻ അത്രയും നല്ല മനസ്സുള്ളയാൾക്കേ കഴിയൂ.

അതുപോലെ സ്വന്തം ജീവൻ പോലും പണയം വെച്ചാണ് പലരും മറ്റുള്ളവരെ രക്ഷിക്കാനിറങ്ങിയത്. സമ്പാദിച്ചു വെച്ചതൊക്കെയും വെള്ളപ്പൊക്കത്തിൽ കഷ്ടപ്പെടുന്നവർക്കായി ദാനം ചെയ്തവരുണ്ട്. മിഠായി വാങ്ങാൻ മാതാപിതാക്കളും മറ്റും കൊടുത്ത ഒറ്റ നാണയങ്ങളും മാറ്റും സൂക്ഷിച്ചുവെച്ച് സൈക്കിൾ വാങ്ങുന്നതു സ്വപ്നം കണ്ടു നടന്നിരുന്ന നിങ്ങളെപ്പോലുള്ള കുട്ടികൾ പോലും സൈക്കിൾ മോഹമുപേക്ഷിച്ച് ആ പണം ദുരിതാശ്വാസനിധിയിലേക്ക സംഭാവനചെയ്ത വാർത്തകളും കേട്ടിട്ടുണ്ടാവുമല്ലോ. വീടു നഷ്ടപ്പെട്ടവർക്ക

വീടുണ്ടാക്കാൻ, വിശക്കുന്നവരുടെ വിശപ്പകറ്റാൻ, ഉടുപ്പില്ലാതായവരെ ഉടുപ്പിക്കാൻ തങ്ങളാൽ കഴിയും വിധം സഹായങ്ങളുമായി വലിയവർ മാത്രമല്ല കുട്ടികളും ഇന്നും പ്രവർത്തിച്ച് കൊണ്ടിരിക്കുന്നു. കൂട്ടുകാരെ, ഇതൊരു വലിയ പാഠമാണു നമുക്കു നൽകുന്നത്. സ്നേഹത്തിന്റെയും സഹകരണത്തിന്റെയും സഹിഷ്ണുതയുടെയും മഹത്തായപാഠം. കേരളീയരായ നമ്മളിൽ നിന്ന് മഹത്തായ ഇത്തരം മാനുഷികമൂല്യങ്ങൾ ചോർന്നു പോയിട്ടില്ലെന്നാണ് പ്രളയകാല അനുഭവങ്ങൾ തെളിയിച്ചത്. ആ മൂല്യങ്ങൾ ഇനിയുള്ള കാലം സംരക്ഷിക്കേണ്ടത് കൂട്ടുകാരുടെ ബാധ്യതയാണെന്നറിയാമല്ലോ.

അതുകൊണ്ട് കൂട്ടുകാർ കൂടുതൽ ഉണരണം. പ്രവർത്തന സജ്ജരാവണം. നമ്മുടെ സേവനം എല്ലാവർക്കും ആവശ്യമുണ്ട് .സ്വന്തം വീട്ടിൽ നിന്നു തുടങ്ങാമല്ലോ വയസ്സായ വല്യപ്പയും മറ്റു ബന്ധുക്കളുമൊക്കെയുണ്ടാകും

അവരോടുള്ള നമ്മുടെ ബന്ധമെങ്ങനെയാണ് ?അവരോട് നിങ്ങൾ വർത്തമാനങ്ങൾ ചോദിക്കുകയും അവർ പറയുന്നത് കേട്ടിരിക്കുകയും ചെയ്യാറുണ്ടോ? അവർക്കും വേണ്ടതെല്ലാം ഒരുക്കികൊടുക്കാറുണ്ടോ?

അവിടെ നിന്നു തുടങ്ങണം നമ്മുടെ സേവനങ്ങൾ. മാതാപിതാക്കളോടു കാണിക്കുന്നസ്നേഹവും ബഹുമാനവും ആദരവും അനിയന്മാരോടും, അനിയത്തിമാരോടുള്ള കരുണയോടെയുള്ള പെരുമാറ്റവും ആദരവും എല്ലാം സേവനമാണ്. പിന്നെ അയൽക്കാരോടുള്ള ബന്ധം, കുടുംബങ്ങളോടുള്ള ബന്ധം,നിങ്ങളുടെ ഗുരുനാഥന്മാരോടുള്ള ബന്ധം, നാട്ടുകാരോടുള്ള ബന്ധം.... എല്ലാം പ്രധാനമാണ്. ഈ ബന്ധങ്ങളിലെല്ലാം. സേവനത്തിനുള്ള അവസരങ്ങളുണ്ട്

നമ്മുടെ ചുറ്റുമുള്ള മൃഗങ്ങളോടും പക്ഷികളോടും മറ്റു ജിവജാലങ്ങളോടുമുള്ള സേവനത്തിന്റെ മുഖമുണ്ട്.ഇങ്ങനെ എല്ലാവരോടും എല്ലാറ്റിനോടും സ്നേ്ഹവും ദയയും കാരുണ്യവും ആദരിക്കേണ്ടവരോട് ബഹുമാനവുമൊക്കെ ഉണ്ടാവുകയും അതു പ്രകടിപ്പിക്കുകയും ചെയ്യുമ്പോഴാണ് നാം നല്ല മനുഷ്യരാവുന്നത്.നല്ല മനുഷ്യരാവുമ്പോഴേ നമ്മുടെ ഭൂമിയിൽ സമാധാനത്തോടെ ജിവിക്കാൻ കഴിയുകയുള്ളൂ . ഇത്തരം നല്ല മനുഷ്യരുണ്ടായതു കൊണ്ടാണല്ലോ. നമ്മുടെ നാടിനു വലിയ ദുരന്തത്തിൽ നിന്ന് ഇത്രയും വേഗം കരകയറാൻ കഴിഞ്ഞതും.







Collection by
SOUDA T



# ADVANCEMENT IN TECHNOLOGY
## *GOOD OR BAD ?*



**Rida Kareem**
**8.C**

As technology and science are improving ,from radio to computer , people nowadays have a totally different life style than before .more and more devices are invented makes people's life easier. it is a good sign that people are Improving as time goes on, however it is also a challenge for youth .as time goes on, it will be a huge Challenge for youth today. health problems is one of the many challenge. at least they could exercise or have fun with their friends instead of lying down on the bed with phone. some people say technology is a blessing, others says it's a curse.which is right ? they both are. think about it. misuse of technology may lead to many diseases and the same technology can cure your diseases. so it's not about whether technology is a good or bad, it's about what we decide to do with it. so use it in its good way.




RAMLA. K K

# <u>കറുത്ത കാലത്തെ പക്ഷികൾ</u>

കറുത്ത കാലത്തെ പക്ഷികൾ
തെളിഞ്ഞ ചക്രവാളത്തിന്റെ
അതിരുകൾ തിരഞ്ഞു പോകുന്നില്ല
ഉള്ളിലുറവെടുക്കുന്ന
അശാന്തിയുടെ നെഞ്ചിടിപ്പുകൾ
തുന്നിച്ചേർത്ത തൂവാലയുമായി അവ
രാത്രിയുടെ കൂട്ടിലേക്ക് ചിറകടിക്കുന്നു
വളഞ്ഞ കൊക്കുകളിൽ കൊത്തിപറിച്ചെടുത്ത
പാകപ്പെടാത്ത വ്യഥകളുടെ അവശിഷ്ടങ്ങളുണ്ട്
നാളെയുടെ പച്ചത്തുരുത്തുകളിൽ
ഹർഷ പക്ഷങ്ങളാൽ നെഞ്ചേറ്റേണ്ട
ദൈവനീതികൾ
വെളിച്ചത്തിൽ നിന്നും നടന്നു പോകുന്നു
വാക്കുകളുടെ മഞ്ഞിനാൽ
ഹൃദയം തണുപ്പിയ്ക്കാൻ
തത്വശാസ്ത്രങ്ങളുടെ മരച്ചില്ലകൾക്കാവുന്നില്ല
ജാതിയുടെ പുറ്റുകളിൽ നിന്ന് വിരിഞ്ഞിറങ്ങുന്ന വിഷപ്പക്ഷികൾക്ക്
നൂറായിരം കറുത്ത ചിറകുകൾ
കാട്ടുരുവിയുടെ ഭാഷയും
സത്യത്തിന്റെ സ്വരത്തിൽ
പ്രതിച്ഛായകളില്ലാതാവുന്നു
നിദ്രയ്ക്കപ്പുറത്തെ ഇരുട്ടിൽ നിന്നും
ചിറകടികൾ കൊടുങ്കാറ്റാവുന്നു

# നിലവിളി



**ANSIYA K A**
**10 A**

ഡിഗ്രീ ഫസ്റ്റ് ഇയർ ആയപ്പോൾ ഉപ്പയെ ഒരുപാട് നിർബന്ധിച്ച് സൈറ ഒരു സ്മാർട്ട് ഫോൺ വാങ്ങി. അവളുടെ ക്ലാസ്സിൽ അവൾക്കു മാത്രമാണ് സ്മാർട്ട് ഫോൺ ഇല്ലാതിരുന്നത്. ഫോൺ കയ്യിൽ കൊടുക്കുമ്പോൾ സൈറയുടെ ഉപ്പ അവളെ ഒരുപാട് ഉപദേശിച്ചിരുന്നു. ഒരിക്കലും ദുരുപയോഗം ചെയ്യില്ലെന്ന് അവൾ അവളുടെ ഉപ്പയുടെ തലയിൽ കൈ വച്ച് സത്യം ചെയ്തു. സൈറയുടെ ഉറ്റ സുഹൃത്തായിരുന്നു ആലിയ. ഈയിടെയായി ആലിയ സൈറയുടെ സ്വഭാവത്തിൽ വരുന്ന മാറ്റം ശ്രദ്ധിച്ചു. സൈറ വഴി തെറ്റി പോവുകയാണോ, എന്നവൾ ചിന്തിച്ചു. ആലിയയുടെയും സൈറയുടെയും ഇടയിലേക്ക് വേറെ ചിലരും കടന്നു വന്നു. അവരിൽ ഒരുവൾ ക്ലാപ്റ്റൻ ശഹന ആയിരുന്നു. അവൾക്ക് ഒരുപാട് കാമുകന്മാരുണ്ടായിരുന്നു. അവരുടെ ഇടയിൽപെട്ട് സൈറയുടെ സ്വഭാവും  ഒരുപാട് മാറി. ആലിയ സൈറയോട് പറഞ്ഞു:"സൈറ,നിന്റെ സ്വഭാവം ഒരുപാട് മാറിപ്പോയി. നീ തെറ്റായ വഴിയിലൂടെയാണ് ഇപ്പോൾ സഞ്ചരിച്ചു കൊണ്ടിരിക്കുന്നത്. നമുക്ക് ആ ശഹാനും കൂട്ടരുമായുള്ള സൗഹൃദം ഇനി വേണ്ട. നിന്റെ നല്ലതിനാണ് ഞാൻ ഈ പറയുന്നത്." സൈറ പറഞ്ഞു:"നിനക്ക് ഇഷ്ടമില്ലെങ്കിൽ നീ ഒഴിഞ്ഞു പൊയ്ക്കോ. ഇനി ഇതു പോലെയുള്ള ഉപദേശവുമായി എന്റെയടുത്തേക്ക് വന്നേക്കരുത്." ഉറ്റ സുഹൃത്തിന്റെ മുഖത്തടിച്ചുള്ള ഈ മാറുപടി ആലിയയെ ഒരുപാട് വേദനിപ്പിച്ചു. സൈറ ഒരുപാട് പുച്ഛഭാവത്തോടെ ആലിയയെ നോക്കി അവിടെ നിന്നും പോയി. ആലിയ  പിന്നീട് അവരുടെ കൂട്ടത്തിൽ കൂടിയിട്ടില്ല .

ഒരിക്കൽ ശഹന സൈറയ്ക്ക് തന്റെ ഫെയ്സ്ബുക്ക് ഫ്രന്റായ ആലവി എന്ന് പേരുള്ള ഒരു ചെറുപ്പക്കാരനെ പരിചയപ്പെടുത്തി

കൊടുത്തു. കുറച്ചു ദിവസങ്ങൾക്കുശേഷം ആലവി സൈറക്ക് ഫെയ്സ്ബുക്കിൽ ഫ്രണ്ട് റിക്വോസ്റ്റ് അയയ്ക്കുകയും അവൾ അത് ഏക്സ്പ്റ്റ് ചെയ്യുകയും ചെയ്തു . അവൾ ഇക്കാര്യം ശഹനയോട് പറഞ്ഞു. ശഹന അവളോട് പറഞ്ഞു : "പെൺകുട്ടികളായാൽ അങ്ങനെ വെണം. അല്ലാതെ ചിലരെ പോലെ ജാഡ കാണിച്ചു ഇരിക്കുകയല്ല വേണ്ടത് . ഇനി നിനക്ക് അവനെ പ്രേമിക്കണമെന്നു ണ്ടെങ്കിൽ അങ്ങനെയും അവാം.”സൈറ പറഞ്ഞു :"പക്ഷേ അവൻ അന്യജാതി അല്ലെ. പിന്നെ എനിക്കവനെ പറ്റി കൂടുതലൊന്നും അറിയില്ല.”ശഹന പറഞ്ഞു :" ജാതി മതത്തിലൊക്കെ എന്തിരിക്കുന്നു. നീ ധൈര്യായിട്ട് അവനെ പ്രേമിക്ക്.”ഇതെല്ലാം ആലിയ കേൾക്കുന്നുണ്ടായിരുന്നു. അവൾക്കിത് തീരെ ഇഷ്ട്പ്പെട്ടില്ല. അന്ന് രാത്രി സൈറക്ക് വാട്സ്ആപ്പിൽ ഒരു മെസേജ് വന്നു .പരചയമില്ലാത്ത നമ്പർ  ആയിരുന്നു അത്. പ്രൊഫൈൽ കണ്ടപ്പോൾ  അവൾക്ക് മനസ്സിലായി, അത് ആൽവിയാണെന്ന്. വാട്സ്ആപ്പ് നമ്പർ എവിടെ നിന്ന് കിട്ടിയതാണെന്ന് അവൾ ചോദിച്ചപ്പോൾ ശഹനയുടെ കയ്യിൽ നിന്ന് വേടിച്ചതാണെന്ന് അവൻ പറഞ്ഞു. പാതിര വരെ അവർ ചാറ്റ് ചെയ്തു കൊണ്ടിരിന്നു. എല്ലാദിവസവും ഇതു തന്നെ ആവർത്തിച്ചു. ഒരു ദിവസം രാത്രി ആലിയ വാട്സ്ആപ്പ് എടുത്ത് സൈറയുമായുള്ള ചാറ്റ്സ് എടുത്ത് നോക്കിയപ്പോൾ സൈറ ഓൺലൈനിൽ ഉള്ളത് കണ്ടു. 9:30 ആവുമ്പോഴേക്കും സൈറ കിടന്നുറങ്ങാറുള്ളതാണ്. പക്ഷെ ഇപ്പോൾ 10:30 ആയിട്ടും അവൾ ഉറങ്ങിയിട്ടില്ല. ആലിയ വാട്സ്ആപ്പ് ഓഫ് ആക്കി കിടന്നു. ഒരു 12:00 ആയപ്പോൾ ആലിയ വീണ്ടും വാട്സ്ആപ്പ് എടുത്തു നോക്കി. സൈറ അപ്പോഴും ഓൺലൈനിൽ ഉണ്ട്. അപ്പോൾ ആലിയക്കു മനസ്സിലായി സൈറ ആ പയ്യനുമായി ചേറ്റിംഗിലായിരിക്കുമെന്ന്. ആലിയ ആകെ സങ്കടത്തിലായി. തന്റെ സുഹൃത്ത് വഴിതെറ്റി പോവുന്നത് അവൾക്ക് സഹിച്ചില്ല. പിറ്റേ ദിവസം കോളേജിൽ വെച്ച് ആലിയ സൈറയെ കണ്ടു. പക്ഷെ ഒന്നും മിണ്ടിയില്ല. സൈറ ക്ലാസ്സിൽ നിന്നും ശഹനയും കൂട്ടുരുമായി പുറത്തേക്ക് പോയി. ആലിയ ക്ലാസ്സിൽ തന്നെയുണ്ടായിരുന്നു. സൈറയുടെ ഫോണിൽ നിർത്താതെ മെസേജ് വരുന്ന ശബ്ദം കേട്ടു ആലിയ അവളുടെ ഫോൺ  എടുത്തു നോക്കി. നോക്കുമ്പോൾ ആൽവി എന്ന ഒരു വ്യക്തി മെസേജ്  അയച്ചിരിക്കുന്നു. ആലിയ അവന്റെ പ്രൊഫൈൽ എടുത്തു നോക്കി.

എന്നിട്ട് സൈറയുടെ ഫോൺ അവിടെ തന്നെ വെച്ചു. ആലിയ ഫെയ്സ്ബുക്കിലൊന്നും ഇല്ല. അവൾ വീട്ടിലെത്തിയതിനു ശേഷം ഇക്കയുടെ ഫോൺ എടുത്തു ആൽവിയെ ഫെയ്സ്ബുക്കിൽ സെർച്ച് ചെയ്തു. ആളെ അവൾക്കു കിട്ടി. അവന്റെ ഫോട്ടോ അവൾ അവളുടെ ഇക്കയെ കാണിച്ചു. ഇക്ക പറഞ്ഞു :"ഇവനെ എനിക്കറിയാം. ആൽവി എന്നാണ് പേര്."

ആലിയ ഇക്കയോട് ചോദിച്ചു :"ഇവൻ ആൾ എങ്ങനെയാ "

ഇക്ക പറഞ്ഞു :"കഞ്ചാവിനു അഡിക്റ്റ് ആണ്. പോരാത്തേന് മോശമായ കൂട്ടുകെടിടും. നിനക്ക് ഇവനെ അറിയോ!?"അവൾ അവളുടെ സഹോദരനോട് എല്ലാം പറഞ്ഞുകൊടുത്തു. സഹോദരൻ ആകെപ്പാടെ ഞെട്ടിപ്പോയി. സൈറയെ പറഞ്ഞു മനസ്സിലാക്കാനും അവളോടു പറഞ്ഞു.

പിറ്റേ ദിവസം ആലിയ സൈറയെ കണ്ട് കാര്യങ്ങൾ പറഞ്ഞു. പക്ഷെ സൈറ ആലിയയെ വിശ്വസിച്ചില്ല. പകരം ആലിയയെ ആക്ഷേപിച്ചു.ആലിയ എന്തു പറഞ്ഞിട്ടും അവൾ കേട്ടില്ല. ആലിയ നിസ്സഹായയായിരുന്നു. സൈറ വീട്ടിലെത്തിയപ്പോൾ തനിക്കു നല്ലൊരു വിവാഹാലോചന വന്നിട്ടുണ്ടെന്നുള്ള കാര്യം അറിഞ്ഞു. വീട്ടുകാർക്ക് അയാളെ ഇഷ്ടമായി എന്നും അറിഞ്ഞു.സൈറ റൂമിൽ കയറി ആൽവിയെ വിളിച്ചു.അവനോട് കാര്യങ്ങളെല്ലാം പറഞ്ഞു. പാതിരാത്രി 2 മണിക്ക് താൻ വരുമെന്നും തന്റെ കൂടെ ഇറങ്ങി വരണമെന്നും ആൽവി അവളോടു പറഞ്ഞു. അവൻ സമ്മതിക്കുകയും ചെയ്തു. അവളുടെ ഉമ്മാക്കും ഉപ്പാക്കും അവൾ ഒരൊറ്റ മകളാണ്. മാതാപിതാക്കളുടെ സ്നേഹം ഒരു നിമിഷം കൊണ്ടു അവൾ മറന്നു. കൃത്യം രണ്ടു മണിക്ക് അവൾ അവന്റെ കൂടെ ഇറങ്ങി പോയി. ആരും ഒന്നും അറിഞ്ഞില്ല. ആൽവിയുടെ കൂടെ സുന്ദരമായ ജീവിതം നയിക്കാമെന്ന് സ്വപ്നം കണ്ടു. അവർ ഒരു ഹോട്ടലിൽ റൂമെടുത്തു. റൂമിൽ കയറിയതിനു ശേഷം അവൾ ഒന്നു ഫ്രഷ് ആവാൻ വേണ്ടി ബാത്റൂമിലേക്ക് പോയി. ഫ്രഷ് ആയതിനു ശേഷം അവൾ ബാത്റൂമിൽ നിന്ന് ഇറങ്ങി. അവിടെ കണ്ട കാഴ്ച അവളെ ആകെ ഞെട്ടിച്ചു. ആൽവി കൂടാതെ അഞ്ച് പുരുഷന്മാർ കൂടിയുണ്ടായിരുന്നു അവിടെ. ആൽവി തന്നെ ചതിക്കുകയായി

രുന്നുവെന്ന് അവൾക്ക് മനസ്സിലായി. അവളുടെ കണ്ണുകൾ കലങ്ങി. കൈകളും കാലുകളും വിറച്ചു തുടങ്ങി. ഒരിക്കലും സംഭവിക്കാൻ പാടില്ലാത്തത് അവിടെ സംഭവിച്ചു. ഒരു പെണ്ണിനോടും ചെയ്യാൻ പാടില്ലാത്ത ദ്രോഹം അവർ ആറ് പേരും കൂടി അവളോടു ചെയ്തു. ആ സമയം അവൾ അവളുടെ വീട്ടുകാരെ കുറിച്ചു ഓർത്തു. അവളുടെ പ്രിയ സുഹൃത്ത് ആലിയയെ കുറിച്ചോർത്തു. അവളുടെ മനസ്സ് വല്ലാതെ പൊട്ടുന്നുണ്ടായിരുന്നു. ജീവിതം അവസാനിപ്പിക്കാൻ തന്നെ തോന്നി. ഒരു പെണ്ണിനു വിലപ്പെട്ടതെല്ലാം കവർന്നെടുത്തതിനു ശേഷം അവർ ആറു പേരും അവളെ മയക്കികിടത്തി അവിടെ നിന്നും പോയി. കുറച്ചു മണിക്കൂറുകൾക്കു ശേഷം അവൾ കണ്ണ് തുറന്നു നോക്കിയപ്പോൾ അവിടെ ആരും തന്നെയുണ്ടായിരുന്നില്ല. അവൾ പൊട്ടിക്കരഞ്ഞു. അവൾക്കു അവളോടു തന്നെ വെറുപ്പു തോന്നി. ഇനി ജീവിച്ചിരുന്നിട്ട് കാര്യമില്ലെന്ന് അവൾക്കു തോന്നി. ജീവിതം അവസാനിപ്പിക്കാൻ തന്നെ അവൾ തീരുമാനിച്ച്. പക്ഷെ, അതിനു മുമ്പ് തന്റെ മാതാപിതാക്കളുടെ കാൽക്കൽ വീണു മാപ്പു ചോദിക്കണമെന്നു അവൾക്ക് തോന്നി. വീടു വിട്ടു ഇറങ്ങുമ്പോൾ അവൾ അവിടെ ഒരു കത്ത് എഴുതി വെച്ചിരുന്നു. അത് വീട്ടുക്കാർ വായിച്ചിട്ടുണ്ടാകുമെന്നു അവൾക്കറിയാം. അവൾ വസ്ത്രം മാറ്റി വേഗം ആ ഹോട്ടലിൽ നിന്നും ഇറങ്ങി. അലഞ്ഞു തിരിഞ്ഞു രണ്ടു ദിവസത്തിനു ശേഷം അവൾ വീട്ടിലെത്തി. അവിടെ കണ്ട കാഴ്ച്ച അവളെ കൂടുതൽ തളർത്തി. വീട്ടുമുറ്റത്ത്  പന്തലിട്ടിരിക്കുന്നു. ആകെപ്പാടെ ആർപ്പും വിളിയും.  വീട്ടിലേക്കു കയറുമ്പോൾ എല്ലാവരും അവളെ തന്നെ നോക്കികൊണ്ടിരിക്കുന്നു. അകത്തു കണ്ട കാഴ്ച്ച അസഹനീയമായിരുന്നു. തന്റെ ഉപ്പയുടെ ജീവനില്ലാത്ത ശരീരം ഒരു കട്ടലിൽ കിടത്തിയിരിക്കുന്നു. അവൾ അവിടെ നിന്നു പൊട്ടികരഞ്ഞു. വെള്ളപുതപ്പിട്ടു കിടത്തിയ തന്റെ ഉപ്പയുടെ നെഞ്ചിൽ തലചായ് ച്ച്  അവൾ ഒരുപാട്  കരഞ്ഞു. അവൾ അവളെ തന്നെ കുറ്റപ്പെടുത്തി. ഉപ്പയോട് കണ്ണ് തുറക്കാൻ പറഞ്ഞു. അവൾക്കു അവളെ തന്നെ നിയന്ത്രിക്കാൻ പറ്റിയില്ല.അവൾ അവളുടെ ഉമ്മയെ തിരഞ്ഞു. ആലിയയുടെ മടിയിൽ തലചായ്ച്ച

തളർന്നു കിടക്കുന്ന തന്റെ ഉമ്മയെ അവൾ കണ്ടു. സൈറ ഉമ്മയുടെ അടുത്ത് ഇരുന്നു. ഉമ്മയെ ഒരുപാട് വിളിച്ചു. പക്ഷെ, ഉമ്മ അവളൊട് ഒരക്ഷരം പോലും മിണ്ടിയില്ല. ഉമ്മയുടെ കണ്ണിൽ നിന്ന് കണ്ണുനീർ ഒഴുകി കൊണ്ടിരുന്നു. സൈറ ആലിയയുടെ കൈ പിടിച്ചപ്പോൾ അവിടെ നിന്നും എഴുന്നേറ്റ് പോയി ആലിയ. സൈറ ആലിയയുടെ പിന്നാലെ പോയി കാര്യ ം തിരക്കി. ആലിയ പറഞ്ഞു :"നീ എഴുതിവെച്ച കത്ത് കണ്ട് നിന്റെ ഉപ്പാക്ക് ഒരു നെഞ്ചു വേദന വന്നു. നിന്റെ ഉപ്പ നിന്നെ എത്രയധികം സ്നേഹിച്ചതാണ് സൈറാ എന്നിട്ട് നീ ഇത് ചെയ്തല്ലോ! എല്ലാവരേയും വേദനിപ്പിച്ചിട്ട് നീ എന്ത് നേടി. എന്നെപോലും നീ തള്ളി പറഞ്ഞില്ലെ. നിന്റെ ഉമ്മ എത്രയധികം കണ്ണീരൊഴുക്കിയെന്നറിയോ. നിന്റെ ഉപ്പാക്ക് അറ്റാക്ക് ആയിരുന്നു. ഇന്നലെ രാത്രിയാണ് മരിച്ചത്. കുറച്ച് കഴിഞ്ഞാൽ മയ്യിത്തെടുക്കും. ഉപ്പയുടെ മരണവാർത്ത അറിഞ്ഞമുതൽ തളർന്നതാണ് നിന്റെ ഉമ്മ. ഇതുവരേ വെള്ളം പോലും കുടിച്ചിട്ടില്ല. ആരോടും ഒന്ന് മിണ്ടുക പോലും ചെയ്തിട്ടില്ല. ഉപ്പയെ ഹോസ്പ്പിറ്റലിൽ അഡ്മിറ്റ് ചെയ്തപോൾ ഞാനും ഉണ്ടായിരുന്നു അവിടെ. എന്നാലും നീ ഇങ്ങനെയൊരു ക്രൂരത അവരോട് ചെയ്യരുതായിരുന്നു". സൈറ ആലിയയെ കെട്ടിപിടിച്ച് ഒറുപാട് കരഞ്ഞു. അവൾക്ക് സംഭവിച്ചതൊക്കെ ആലിയയോട് പറഞ്ഞു. അതുകേട്ട് ആലിയ ആകെ തളർന്നു. അവളുടെ കണ്ണു കലങ്ങി. ആലിയ സൈറയെ ഉമ്മയുടെ അടുത്തേക്ക് കൊണ്ടു പോയി. സൈറ ഉമ്മയുടെ കാൽ പിടിച്ച് ഒരുപാട് കരഞ്ഞു. ഉമ്മയുടെ കണ്ണിൽ നിന്നും കണ്ണുനീർ ഒഴുകിക്കൊണ്ടിരുന്നു. സൈറ ഒരു ഭ്രാന്തിയെ പോലെ അലറി. അവൾക്ക് അവളുടെ മാനസിക നില തെറ്റുന്നത് പൊലെ തോന്നി. അവൾ അവളുടെ തല കൊണ്ട് പോയി മതിലിൽ ഇടിച്ചു. അവൾ അവളെ തന്നെ ഉപദ്രവിക്കാൻ തുടങ്ങി. എല്ലാവരും അവളെ പിടിച്ചുവെക്കാൻ തുടങ്ങി. പക്ഷെ നടന്നില്ല . അവൾ അവിടെ നിന്ന് അലറി. ഇപ്പോഴും അവളുടെ കാലിൽ കിടക്കുന്ന ചങ്ങലക്ക് പലരുടെയും നിലവിളിയുടെ ശബ്ദമുണ്ട്.


Amna.k Nizar
8.C

# ഫലിതങ്ങൾ

Safana M Z
9.A

*ചരിത്ര ക്ലാസിൽ അധ്യാപിക:ഒട്ടേറെ മഹാന്മാരെക്കുറിച്ച് നിങ്ങൾ പഠിച്ചുകഴിഞ്ഞതാണല്ലോ.ആട്ടെ നിങ്ങൾക്ക് ഇവരിൽ ആരോടെങ്കിലും വെറുപ്പ് തോന്നുന്നുണ്ടോ?



ബാബു:ഉണ്ട്

അധ്യാപിക:ആരോട്?

ബാബു:രാജാറാംമോഹൻറോയിയോട്

അധ്യാപിക:കാരണം?

ബാബു:അദ്ദേഹം ശൈശവവിവാഹം നിരോധിച്ചതുകൊണ്ട്.



*പരീക്ഷയ്ക്കു പോകാൻ ഒരുങ്ങി നിൽക്കുന്ന ബാബുവിനോട് അവന്റെ അച്ഛൻ:ഇത്തവണയെങ്കിലും 80% മാർക്കുവാങ്ങി ജയിക്കണം.

ബാബു:എൻപതല്ല ഞാൻ 100% മാർക്കുതന്നെവാങ്ങും



അച്ഛൻ : നിയെന്താ തമാശ പറയുകയാണോ?

ബാബു : ഡാഡിയല്ലേ ആദ്യം തുടങ്ങിവച്ചത്?

*കണക്കു പരീക്ഷയുടെ പേപ്പറുമായി വീട്ടിലെത്തിയ ബാബു മേശപ്പുറത്ത് പ്ലേറ്റിലിരിക്കുന്ന കോഴിമുട്ട കണ്ട് അലറി :മമ്മി ഈ മുട്ടയെടുത്തോണ്ട് പോ...... എനിക്ക് കാണുമ്പോൾ കലിയാവുന്നു.



അമ്മ:എന്തു പറ്റിയെടാ...നിനക്ക് കോഴിമുട്ടയും പിടിക്കാതായോ?

ബാബു:ഈ മുട്ട കാണുമ്പോൾ എന്റെ പോക്കറ്റിൽ കിടക്കുന്ന കണക്കു പേപ്പറിലെ മാർക്കിന്റെ കാര്യമാണ് എനിക്കോർമ വരുന്നത്.

# EDUCATION,WHAT I AM UNDER GOING AND I WANT TO EXPERIENCE



Arza jaheer
8 A




I have studied at KAMB&M school of life international till 6th std. Then I shifted to M.I.G.H.S.S FOR GIRLS PUDUPONNANI. Do you know what prompted me to change school? It can be stated in one sentence " QUALITY EDUCATION AT AFFORDABLE INCOME "ie, economical. Our school is situated on the verge of ponnani sea. So the lullaby of sea& panoramic view etc... attracted me very much.



When I came here,really I feel very freedom because,from that strict disciplinary shifting towards MI is really like leaving my heart to high like a kite. But the string is always with beloved teachers. I participated in many quiz programmes. I won U.S.S scholarship. In English poem recitation&English Elocution.I won second prize In S.S quiz at sub-district. Here there are alot of opportunities. Two problems which I am facing is one,the lack of fan at the class room. The other one is my fear of mathematics. While I am following

NCERT book there are alot of exercises in the maths ,but here in SCERT maths book ,many Problem are given one problem will be




different from another. And no option for Exersice. Recently I read from news paper that CBSE is following a pattern of two types of mathematics. That suggestion I liked very much. One I talked with my mom 's cousin,who is working at U.K she told me that there is different levels of examination and syllabus. According to the ability skill and taste the students should be given freedom to choose subjects From 9th std ownwads. Except that my school is my heaven. Why pay too much money for books,uniform ,donation fee,which the same things is given free,think and perform intelligently.

# ആ മനോഹരമായ യാത്രയിൽ......

Aysha Riya K
8. C

അദ്യമായിട്ടാണ് ഇന്ത്യവിട്ടിട്ട് മറ്റൊരു രാജ്യത്തേക്ക് പോകുന്നത്. പോകുന്ന കുറച്ചു ദിവസങ്ങൾക്കു മുമ്പ് തന്നെ കൗതുകവും ആകാംശയുമായിരുന്നു എനിക്ക്. കാരണം അവിടേക്ക് പോയാൽ എങ്ങനെയായിരിക്കുമെന്നായിരുന്നു എന്റെ ആ കുറച്ചു ദിവസത്തെ ചിന്ത. ആ സ്ഥലമേതാണന്ന് ഞാൻ പറയട്ടെ. മുസ്ലീമുകളുടെ ആരാധന സ്ഥലം സ്ഥിതി ചെയ്യുന്ന സൗദി അറേബിയ. അവിടേക്കു പോകുമ്പോൾ എന്റെ കൂടെ എന്റെ

ഉപ്പയും ഉമ്മയും പിന്നെ എന്റെ ചെറിയ സഹോദരിയുമുണ്ടായിരുന്നു. അന്നു അതി രാവിലെ എഴുന്നേറ്റു തണുപ്പു വെള്ളത്തിൽ കുളിച്ച് നല്ല ഉഷാറോടുകൂടി എല്ലാവരോടും യാത്ര പറഞ്ഞ് ഞങ്ങൾ എയർപോർട്ടിലേക്ക് യാത്രയായി. പോകുംവഴി മനോഹരമായ കാഴ്ച്ചകൾ കാണാമായിരുന്നു. അങ്ങനെ ഞങ്ങൾ എയർപോർട്ടിൽ എത്തി വീമാനം  കാത്തു നിൽക്കുകയായിരുന്നു. ഞാനും എന്റെ ചെറിയ സഹോദരിയും കൗതുകത്തോടെ വീമാനം വരുന്നതും കാത്തിരുന്നു. പെട്ടന്നതാ ഒരു വലിയ മുഖം വരുന്നു. നോക്കുമ്പോൾ അതു വിമാനത്തിന്റെ മുൻവശമായിരുന്നു . എനിക്കും എന്റെ സഹോദരിക്കും പോടിയായി. ഞങ്ങൾ ഉപ്പയുടെ അടുത്തേക്ക് ഓടി. അന്നെനിക്ക് ആറ് വയസ്സും എന്റെ സഹോദരിക്ക് നാല് വയസ്സും ആയിരുന്നു. അങ്ങനെ ഞങ്ങൾ വിമാനത്തിൽ കയറി. വിമാനത്തിൽ കയറിപ്പോൾ വല്ലാത്തൊരു അനുഭവമായിരുന്നു. മെല്ലെ.... മെല്ലെ വിമാനം പറക്കാൻ തുടങ്ങി. ജനലിലൂടെ നമുക്ക് മേഘങ്ങൾ കാണാമായിരുന്നു. വിമാനം കുറച്ച് ഉയരതെത്തിയപ്പോൾ നമ്മുടെ ഭൂമി കാണാൻ എന്തൊരു ഭംഗിയായിരുന്നു. വീടുകളും, മരങ്ങളുമെല്ലാം ചെറുതായെ കാണാൻ സാധിച്ചുള്ളൂ. അങ്ങനെ സൗദിയിൽ എത്തി. ഞങ്ങൾ റൂമിലേക്ക് എത്തിയപ്പോൾ വല്ലാത്തൊരു സങ്കടം എനിക്കും അനിയത്തിക്കും. ഞങ്ങൾ പറഞ്ഞു നമുക്ക് നാട്ടിലേക്ക് തിരിച്ചു പോകാമെന്ന്. അപ്പോൾ ഉമ്മ ഞങ്ങളെ സമാധാനിപ്പിച്ചിട്ടു പറഞ്ഞു നമ്മൾ കുറച്ചു ദിവസമേ ഇവടെ നിൽക്കു,അതു കഴിഞ്ഞാൽ നമ്മൾ നാട്ടിലേക്കു പോകുമെന്ന്. ആ വാക്കുകളെല്ലാം വെറുതെ ഞങ്ങളെ സമാധാനിപ്പിക്കാൻ വേണ്ടി മാത്രം ആയിരുന്നു.

ഞങ്ങൾ ഒന്നെ രണ്ടൊ മാസം നിൽക്കാൻ വേണ്ടി വന്നതായിരുന്നില്ല.സ്ഥിരമായി മൂന്ന് വർഷം നിൽക്കാൻ വേണ്ടി വന്നതായിരുന്നു. അങ്ങനെ ഒഴിവു സമയങ്ങൾ കിട്ടുമ്പോൾ ഞങ്ങൾ പാർക്കിലേക്കും മറ്റു സൂപ്പർമാർക്കറ്റിലേക്കും പോകുമായിരുന്നു. അവിടുത്തെ എല്ലാ സത്രീകളും,അത് ഹിന്ദുവൊ, ക്രിസ്ത്യാനിയൊ, മുസ്ലീമോ ആയാലും അവർ പർദ ധരിച്ചു മുഖമക്കനയും പിന്നെ മുഖം മറക്കുന്നതും ഇടണം. അങ്ങനെ ഉപ്പ ഞങ്ങളെ അവിടുത്തെ സ്കൂളിൽ ചേർത്തു. അതു വല്ലാത്തൊരു അനുഭവമായിരുന്നു. അവിടെ നാട്ടിലെ പോലെ ബസ്സിലൊന്നും കുട്ടികളെ കൊണ്ടു സ്കൂളിൽ പോവില്ല. സ്കൂളിൽ പോകുമ്പോഴും സ്കൂൾ
വിട്ട് വരുമ്പോഴെല്ലാം നമ്മുടെ രക്ഷിതാക്കൾ നമ്മളെ കൊണ്ടു പോകണം. അവിടെ ഇന്ത്യയിൽ നിന്നാണെന്നൊ സുസാനിൽ നിന്നു മാണൊന്നുമില്ല. എല്ലാവരും തുല്ല്യർ. കുറച്ചു മാസങ്ങൾ കഴിഞ്ഞപ്പോൾ ഞങ്ങൾ കുടുംബം സമേധം മക്കയിലേക്കും മദീനയിലേക്കും പോയി. അവിടെ നിന്ന് ഉംറയൊക്കെ നിർവ്വഹിച്ചു ഞങ്ങൾ പിന്നെയും റൂമിലേക്കെത്തി. അങ്ങനെ ഞങ്ങൾ മൂന്നു വർഷത്തിനകം നാല് ഉംറ ചെയ്യുകയും നാല് വട്ടം മക്കയിലേക്കും മദീനയിലേക്കും പോവുകയും ചെയ്തു. ഇപ്പോൾ ഞങ്ങൾ നാട്ടിലെത്തി ഒരു പുതിയ വീടുണ്ടാക്കി അതിൽ താമസിക്കുന്നു. ആ മനോഹരമായ യാത്രയിലെ കാഴ്ചകൾ എന്നിൽ ഇന്നും തുളുമ്പി നിൽക്കുന്നു. അദ്യമായിട്ടാണ് ഇന്ത്യവിട്ടിട്ട് മറ്റൊരു രാജ്യത്തേക്ക് പോകുന്നത്. പോകുന്ന കുറച്ചു ദിവസങ്ങൾക്കു മുമ്പ് തന്നെ കൗതുകവും ആകാംശയുമായിരുന്നു എനിക്ക്. കാരണം അവിടേക്ക് പോയാൽ എങ്ങനെയായിരിക്കുമെന്നായിരുന്നു എന്റെ
ആ കുറച്ചു ദിവസത്തെ ചിന്ത. ആ സ്ഥലമേതാണന്ന് ഞാൻ പറയട്ടെ. മുസ്ലീമുകളുടെ ആരാധന സ്ഥലം സ്ഥിതി ചെയ്യുന്ന സൗദി അറേബിയ. അവിടേക്കു പോകുമ്പോൾ എന്റെ കൂടെ എന്റെ
ഉപ്പയും ഉമ്മയും പിന്നെ എന്റെ ചെറിയ സഹോദരിയുമുണ്ടായിരുന്നു. അന്നു അതി രാവിലെ എഴുന്നേറ്റു തണുപ്പു വെള്ളത്തിൽ കുളിച്ച് നല്ല ഉഷാറോടുകുടി എല്ലാവരോടും യാത്ര പറഞ്ഞ് ഞങ്ങൾ എയർപോർട്ടിലേക്ക് യാത്രയായി. പോകുംവഴി മനോഹരമായ കാഴ്ച്ചകൾ കാണാമായിരുന്നു. അങ്ങനെ ഞങ്ങൾ എയർപോർട്ടിൽ എത്തി വീമാനം  കാത്തു നിൽക്കുകയായിരുന്നു. ഞാനും എന്റെ ചെറിയ സഹോദരിയും കൗതുകത്തോടെ വീമാനം വരുന്നതും കാത്തിരുന്നു. പെട്ടന്നതാ ഒരു വലിയ മുഖം വരുന്നു. നോക്കുമ്പോൾ അതു വിമാനത്തിന്റെ മുൻവശമായിരുന്നു .

എനിക്കും എന്റെ സഹോദരിക്കും പേടിയായി. ഞങ്ങൾ ഉപ്പയുടെ അടുത്തേക്ക് ഓടി. അന്നെനിക്ക് ആറ് വയസ്സും എന്റെ സഹോദരിക്ക് നാല് വയസ്സും ആയിരുന്നു. അങ്ങനെ ഞങ്ങൾ വിമാനത്തിൽ കയറി. വിമാനത്തിൽ കയറിപ്പോൾ വല്ലാത്തൊരു അനുഭവമായിരുന്നു. മെല്ലെ.... മെല്ലെ വിമാനം പറക്കാൻ തുടങ്ങി. ജനലിലൂടെ നമുക്ക് മേഘങ്ങൾ കാണാമായിരുന്നു. വിമാനം കുറച്ച് ഉയരത്തെത്തിയപ്പോൾ നമ്മുടെ ഭൂമി കാണാൻ എന്തൊരു ഭംഗിയായിരുന്നു. വീടുകളും, മരങ്ങളുമെല്ലാം ചെറുതായെ കാണാൻ സാധിച്ചുള്ളു. അങ്ങനെ സൗദിയിൽ എത്തി. ഞങ്ങൾ റൂമിലേക്ക് എത്തിയപ്പോൾ വല്ലാത്തൊരു സങ്കടം എനിക്കും അനിയത്തിക്കും. ഞങ്ങൾ പറഞ്ഞു നമുക്ക് നാട്ടിലേക്ക് തിരിച്ചു പോകാമെന്ന്. അപ്പോൾ ഉമ്മ ഞങ്ങളെ സമാധാനിപ്പിച്ചിട്ടു പറഞ്ഞു നമ്മൾ കുറച്ചു ദിവസമേ ഇവടെ നിൽക്കു,അതു കഴിഞ്ഞാൽ നമ്മൾ നാട്ടിലേക്കു പോകുമെന്ന്. ആ വാക്കുകളെല്ലാം വെറുതെ ഞങ്ങളെ സമാധാനിപ്പിക്കാൻ വേണ്ടി മാത്രം ആയിരുന്നു. ഞങ്ങൾ ഒന്നൊ രണ്ടൊ മാസം നിൽക്കാൻ വേണ്ടി വന്നതായിരുന്നില്ല.സ്ഥിരമായി മൂന്ന് വർഷം നിൽക്കാൻ വേണ്ടി വന്നതായിരുന്നു. അങ്ങനെ ഒഴിവു സമയങ്ങൾ കിട്ടുമ്പോൾ ഞങ്ങൾ പാർക്കിലേക്കും മറ്റു സൂപ്പർമാർക്കറ്റിലേക്കും പോകുമായിരുന്നു. അവിടുത്തെ എല്ലാ സത്രീകളും,അത് ഹിന്ദുവൊ, ക്രിസ്ത്യാനിയൊ, മുസ്ലീമോ ആയാലും അവർ പർദ ധരിച്ചു മുഖമക്കനയും പിന്നെ മുഖം മറക്കുന്നതും ഇടണം. അങ്ങനെ ഉപ്പ ഞങ്ങളെ അവിടുത്തെ സ്കൂളിൽ ചേർത്തു. അതു വല്ലാത്തൊരു അനുഭവമായിരുന്നു. അവിടെ നാട്ടിലെ പോലെ ബസ്സിലൊന്നും കുട്ടികളെ കൊണ്ടു സ്കൂളിൽ പോവില്ല. സ്കൂളിൽ പോകുമ്പോഴും സ്കൂൾ
വിട്ട് വരുമ്പോഴെല്ലാം നമ്മുടെ രക്ഷിതാക്കൾ നമ്മളെ കൊണ്ടു പോകണം. അവിടെ ഇന്ത്യയിൽ നിന്നാണെന്നൊ സുസാനിൽ നിന്നു മാണൊന്നുമില്ല. എല്ലാവരും തുല്ല്യർ. കുറച്ചു മാസങ്ങൾ കഴിഞ്ഞപ്പോൾ ഞങ്ങൾ കുടുംബം സമേധം മക്കയിലേക്കും മദീനയിലേക്കും പോയി. അവിടെ നിന്ന് ഉംറയൊക്കെ നിർവ്വഹിച്ചു ഞങ്ങൾ പിന്നെയും റൂമിലേക്കെത്തി. അങ്ങനെ ഞങ്ങൾ മൂന്നു വർഷത്തിനകം നാല് ഉംറ ചെയ്യുകയും നാല് വട്ടം മക്കയിലേക്കും മദീനയിലേക്കും പോവുകയും ചെയ്തു. ഇപ്പോൾ ഞങ്ങൾ നാട്ടിലെത്തി ഒരു പുതിയ വീടുണ്ടാക്കി അതിൽ താമസിക്കുന്നു. ആ മനോഹരമായ യാത്രയിലെ കാഴ്ചകൾ എന്നിൽ ഇന്നും തുളുമ്പി നിൽക്കുന്നു.






Thuzaila Thasni
VIII-C

# പ്രകൃതിയുടെ പ്രതികാരമായ പ്രളയം



Nasiya Nusrath Beevi
8 C

സ്വപ്നങ്ങളുടെ മടിത്തട്ടില് നിന്ന് ഞാന്. അന്ന് എഴുന്നേറ്റപ്പോൾ കോരിച്ചൊരിയുന്ന മഴയുടെ ശബ്ദമാണ് കാതില് കേട്ടത്. ശ്രൂ.......ശ്രൂ..... എന്ന് വീശുന്ന കാറ്റും ഒപ്പമുണ്ട്. അതിരാവിലെയായിട്ടും,ഉച്ചക്കും, സന്ധ്യക്കുമൊന്നും ഒരു ശമനവുമില്ല. അന്ന് എന്നും പുറത്ത് പോകുന്ന ഉപ്പ

പോലും അന്ന് പുറത്ത് പോകാന് മടിച്ചു. മഴയുടെ ആ രാത്രി കടന്ന് കഴിഞ്ഞപ്പോൾ. അടുത്ത പ്രഭാതത്തിലും മഴ ആ കുസൃതി തന്നെ കാട്ടി.

അങ്ങനെ ദിവസങ്ങൾ നീണ്ടുനിന്ന ആ മഴയില് ഇന്നെവരെ വെള്ളം കെട്ടിനില്ക്കാത്തെ ഞങ്ങളുടെ വീട്ടുമുറ്റത്ത പോലും വെള്ളം കെട്ടിനിന്നു. ഞങ്ങളുടെ വീടിന്റെ സമീപത്ത് ഒരു കുളമുണ്ട്. ആ കുളം നിറഞ്ഞ് കവിഞ്ഞ് അതിലൂടെ മീനുകളെല്ലാം ഞങ്ങളുടെ മുറ്റത്ത് ഓടികളിച്ചു നടന്നു.

ആ മഴയുടെ ദിനങ്ങളില് ഒരോ ദിനവും പത്രങ്ങളിൽ നിറഞ്ഞു നിന്ന ഒരോ വാർത്തകളും ചിത്രങ്ങളും ഇന്നും എന്റെ മനസ്സിൽ തങ്ങിനില്കുന്നുണ്ട്. വീടിന്റെ ചവിട്ടുപടികടന്ന് വെള്ളം കയറിയ വീടുകളും വീടിന്റെ അകം മൊത്തം നിറഞ്ഞ വീടുകളും, രണ്ടുനില പകുതിയായ വീടുകളും അങ്ങനെ പോകുന്നു. പലർക്കും ആധാരങ്ങളും, കരാറുകളും, പണവും, പണ്ടവും, ദക്ഷ്യവസ്തുക്കളും, വീട്ടുപകരണങ്ങളും,മൃഗങ്ങളും മറ്റും നഷ്ടമായി. റോഡുകളിലും, ഇടവഴികളിലുമെല്ലാം അവർ വള്ളങ്ങളില് യാത്രചെയ്തു. പണ്ടൊരിക്കല് മലയാളം പഠിപ്പിച്ചിരുന്ന ടീച്ചറ് ഞങ്ങള്ക്ക് പറഞ്ഞ്തന്നിരുന്നു. ടീച്ചറുടെകുട്ടികാലത്ത് ഒരു മഴപെയ്താല് തന്നെ വയലെല്ലാം നിറഞ്ഞ് കവിഞ്ഞ് എല്ലാവരും വള്ളങ്ങളില് യാത്ര നമ്മുടെ കേരള ജനതയ്ക്ക് ലഭിക്കുമെന്ന്. അങ്ങിനെ എല്ലാവരും ദുരിതാശ്വാസ ക്യാമ്പ് എന്ന് വിളിക്കുന്ന പല പൊതു സ്ഥാപനങ്ങളിലേക്കും മാറി. മുഷിഞ്ഞ വസ്ത്രങ്ങളും വിശന്ന വയറും  പിന്നെ ഉള്ളിലെ തീയ്യും ആ അഭയാർത്ഥികളെ ആ ക്യാമ്പ് ദുരിതത്തില് നിന്നുള്ള ആശ്വാസമാക്കിയില്ല.പക്ഷേ ,ഇതെല്ലാം നടന്നിട്ടും കേരളം പഠിച്ചില്ല . ഇപ്പോഴിതാ പത്രങ്ങളിൽ കാണാം  പ്ലാസ്റ്റിക്ക് മാലിന്യം കുമ്പാരങ്ങൾ

പക്ഷേ സ്വന്ത ജീവന് വിലകൽപ്പിക്കാതെ പ്രളയ ദിനങ്ങളിൽ നെട്ടോട്ട മോടിയ ചിലർ തന്റെ മുതുക് വരെ ജനങ്ങൾക്ക് ചവിട്ടു പടിയാക്കിയ ഒരാളുണ്ട് [ജൈസൺ] ഇന്നും ആ പേര് തങ്ങി നിൽക്കുന്നുണ്ട് ആ ദിനങ്ങളിൽ കേരള ജനത ഒത്തു പിടിച്ചത് കൊണ്ട് നമ്മുക്ക് കേരളത്തേ രക്ഷിക്കനായി നിയെൻങ്കലും ആരും പ്രകൃതിയെ നഷപ്പിക്കുത്. ഈ ദുഃഖാനുഭവം കേരള ജനത അന്നും ഇന്നും എന്നും ഓർമയിരിക്കട്ടെ ..



വയലുകളും , പാടങ്ങളും , കൃഷിടങ്ങളും നികത്തിയും അവിടം കൂറ്റൻ കെട്ടിടങ്ങളും പണിതും ആ കെട്ടിടങ്ങളിൽ ഉറങ്ങാൻ നിങ്ങൾക്ക് എങ്ങനെ കഴിയുന്നു ? പ്രകൃതിയെ എന്ന അമ്മയെ കൊന്ന ശീരത്തിലാണ് നിങ്ങൾ ഈ സുഖവാസം നടത്തുന്നതെന്ന് നിങ്ങൾ ഓർക്കുക കിണറുകളും, കുളങ്ങളും ,പുഴകളും തൂർക്കുമ്പോൾ അതിൽ എത്ര ജീവജാലങ്ങൾക്കും കൂടിയാണ് നിങ്ങൾ അവസാന മണ്ണിടുന്നതെന്ന് നിങ്ങൾ ഓർക്കുക ,പ്ലാസ്റ്റിക്കുളും മണ്ണിലും ജലത്തിലും ലയിക്കാത്ത വിധത്തിലുള്ള വസ്തുക്കളും എറിയുന്ന നമ്മൾ ജലാശയങ്ങളും മണ്ണിനേയും വിണ്ണിനേയും വിഷം കൊല്ലുകയണോ ഈ ചോദ്യങ്ങളല്ലാം പ്രകൃതി നിങ്ങളോട് ചോദിക്കുകയാണെൻങ്കിൽ ഉത്തരം നൽകുവാൻ നിങ്ങൾക്ക് കഴിയുമോ ? ഇതെല്ലാം ഇനി നിർത്തിക്കൂടെ

പ്രളയം എന്ന ദുരനതം നിങ്ങളെ ഇത് പഠിപ്പിച്ചില്ലെ ...ഇനിയും ഇത് നിർത്താൻ തയ്യാറല്ലെങ്കിൽ ഇങ്ങനെ ചില പ്രകൃതിയുടെ പ്രകൃതികാരങ്ങൾ ഈ ഭൂമിയിൽ നടന്നേക്കാം ...ഈ പ്രളയത്തിന്റെ ജീവൻ വെടിഞ്ഞ ചില സന്മനസുകളുടെ സ്മരണയിൽ ...ഇനി ഇങ്ങനെ ഒരു പ്രളയം ആരുടയും ജീവനാക്കരുത് എന്ന പ്രാർത്തനയോടെ.......



Asharaf v

# العِلْمُ نُورٌ

العِلْمُ نُورٌ يُضِيئُ العُقُولَ وَيُضِيئُ
النُّفُوسَ. العِلْمُ يَنْتَفِعُ بِهِ الفَرْدُ وَالمُجْتَمَعُ.
قَالَ اللهُ تَعَالَى فِي القُرْآنِ الكَرِيمِ "وَقُلْ رَبِّ
زِدْنِي عِلْمًا"

طَلَبُ العِلْمِ فَرِيضَةٌ عَلَى كُلِّ مُسْلِمٍ
وَمُسْلِمَةٍ. الإِسْلَامُ يَحُثُّ عَلَى العِلْمِ. نَزَلَ عَلَى
مُحَمَّدٍ (ص) أَوَّلُ الآيَةِ "اِقْرَأْ بِاسْمِ رَبِّكَ الَّذِي خَلَقَ،
خَلَقَ الإِنْسَانَ مِنْ عَلَقٍ. اِقْرَأْ وَرَبُّكَ الأَكْرَمُ. الَّذِي
عَلَّمَ بِالقَلَمِ. عَلَّمَ الإِنْسَانَ مَا لَمْ يَعْلَمْ"

وَكَذَلِكَ قَوْلُهُ تَعَالَى "قُلْ هَلْ
يَسْتَوِي الَّذِينَ يَعْلَمُونَ وَالَّذِينَ لَا يَعْلَمُونَ". العِلْمُ
يُسَهِّلُ كُلَّ طَرِيقٍ صَعْبٍ. وَيَسْتَطِيعُ صَاحِبُ
العِلْمِ وَالبَاحِثُ التَّوَاصُلَ مَعَ المُجْتَمَعِ. العِلْمُ
يُنِيرُ العَقْلَ وَيَهْدِي إِلَى الحَقِّ
وَالصَّوَابِ

# നേട്ടങ്ങൾ











കരാട്ടെ അവാർഡ്







**ന്യൂമാത്സ് വിജയ്**

**Alna sree**



## മേളകളിൽ മികവോടെ....








നമ്മുടെ അറിവ് വലിയവനെന്ന ഭാവം നമ്മിൽ

ഉണ്ടാക്കരുത്..,

നമ്മെ അത് അഹങ്കാരിയുമാക്കരുത്.

**ദൈവത്തി**ന്റെ ഔദാര്യംകൊണ്ട് മാത്രം ലഭിച്ചതാണ്

നമ്മുടെ അറിവുകൾ

-ശുഭം-